പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

ഡിസംബർ 2009

## ക്രിസ്തുമസ് പുതുവൽസരാശംസകൾ



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധിയിൽ വളർന്നുവരുവാൻ
ഞങ്ങളെ സഹായിക്കണമേ

ദിവ്യ പൈതലിനെ ഉദരത്തിൽ വഹിച്ച പരിശുദ്ധ അമ്മേ, നിന്റെ സന്നിധിയിൽ ഞങ്ങൾ അണയുന്നു. ആവശ്യസമയങ്ങളിൽ മറ്റുള്ളവരെ സഹായിച്ച മാതാവേ, അങ്ങയെപ്പോലെ മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. പരി. കുർബാനയിലൂടെ അങ്ങേ പുത്രനെ ഹൃദയത്തിൽ സ്വീകരിക്കുന്ന ഞങ്ങൾ ചരിക്കുന്ന സക്രാരികളായിത്തീർന്ന് മറ്റുള്ളവർക്ക് ദൈവികസാന്നിദ്ധ്യം പ്രദാനം ചെയ്യുന്നവരാകാൻ വേണ്ട കൃപ ഞങ്ങൾക്ക് അങ്ങ് നേടിത്തരണമേ.




"ഉണ്ണീശോയേ. ഞങ്ങളുടെ സ്നേഹം യാചിച്ചുകൊ
സ്നേഹത്തിന്റെ ഭിക്ഷാടകനായി അങ്ങ് വീണ്ടും ഞങ്ങളു
ഇടയിലേക്ക് തിരിച്ചുവരുന്നതാണല്ലോ ക്രിസ്തുമസ്സ്. ഉണ്ണ
ശോയേ. അങ്ങയെ സ്വീകരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്ന
ദരിദ്രമായ കാലിത്തൊഴുത്തിൽനിന്നും അങ്ങയെ ഏറ്റുവ
ങ്ങുവാൻ പര്യാപ്തമായ ചൂടേറിയ വാസസ്ഥലമായി തണ
ത്തുമരവിച്ച ഞങ്ങളുടെ ഹൃദയത്തെ അങ്ങ് രൂപാന്തരപ്പെ
ത്തണമേ. ആമ്മേൻ"

ബിഷപ് വില്യം ജക്വിൻ

പ്രതീക്ഷയുടെ

# പൂമൊട്ടുകൾ



ലക്കം 4 ഡിസംബർ 2009

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3).

## ഉള്ളടക്കം


- മംഗളവാർത്തക്കാലം 3
- പുതിയനിയമ പൗരോഹിത്യവും പരിശുദ്ധാത്മാവും 5
- ഒരു കാളാമുണ്ടന്റെ ആത്മസംതൃപ്തി 7
- ശ്ലൈഹികവിശ്വാസ പൈതൃകം 9
- ആർദ്രസ്നേഹത്തോടെ നമ്മോടൊത്ത് 12
- അയാൾ പൊറുത്തില്ല അവൾ മറന്നുമില്ല 17
- കീറിയ ക്രിസ്തുമസ് 21
- സന്മനസ്സോടെ കൊടുത്ത് 22
- തണൽമരത്തിലെ ചെറിപ്പൂവ് 25
- മനസ്സിന്റെ രൂപീകരണം 27
- സന്തോഷമുണ്ടാകാൻ 29
- പുല്ലുംപുറത്തെ ക്രിസ്തുമസ്സ് 32



സ്പിരിച്ച്വൽ ഡയറക്ടർ:
റവ. ഫാ. മാത്യു വെള്ളാനിക്കൽ

ചീഫ് എഡിറ്റർ:
ഷിനി മുതുപ്ലാക്കൽ എ.ഒ.

എഡിറ്റോറിയൽ ബോർഡ്:
സുജ ചോതിരക്കുന്നേൽ എ.ഒ.
റ്റെസി കറുകപ്പറമ്പിൽ എ.ഒ.
ഷീലമ്മ പൂതക്കുഴി എ.ഒ

അഡ്വൈസറി ബോർഡ്:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
അന്നമ്മ കുളത്തുപുരയിടം എ.ഒ.

സർക്കുലേഷൻ മാനേജർ:
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ



വാർഷിക വരിസംഖ്യ -50/-

ലേഔട്ട് & പ്രിന്റിങ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigipress@gmail.com



പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്
സ്പിരിച്ച്വാലിറ്റി സെന്റർ
മാങ്ങാനം പി.ഒ.,
കോട്ടയം 686 018
ഫോൺ: 0481-2578192,2309774
Email: prosanctity@gmail.com



# എഡിറ്റോറിയൽ




# കൂടെയായിരിക്കാൻ...

ദിവ്യസൗഹൃദം പകർന്നുനല്കിയ മംഗളവാർത്തയുടെ ഓർമ്മയുമായി ക്രിസ്തുമസ് വരവായി... ആകാശത്തിന്റെ അനന്തനീലിമയിലെങ്ങോ മറഞ്ഞിരിക്കുന്നവനല്ല ദൈവം എന്നോർമ്മപ്പെടുത്തുവാൻ, വിണ്ണിന്റെ മഹത്വം വെടിഞ്ഞ് മണ്ണിലേക്കിറങ്ങിയ ദൈവപുത്രൻ മനുഷ്യമനസ്സുകളിൽ ദൈവികവെളിപാടുകളുടെ വെട്ടം വിതറി. അന്നുവരെ അവന് അജ്ഞാതമായിരുന്ന അറിവ് – "എമ്മാനു വേൽ" കൂടെയായിരിക്കുന്നവനാണ് ദൈവം! ദൈവം സ്നേഹിക്കുന്ന പിതാവാണെന്നും പരി.റൂഹാ ശക്തിപ്പെടുത്തുന്ന നിത്യസാന്നിദ്ധ്യമാണെന്നുമുള്ള ചിത്രം സ്വജീവിതത്തിലൂടെ മിശിഹാ മനുഷ്യഹൃദയഫലകങ്ങളിൽ വരച്ചുചേർത്തു.

ഈശോ കൂടെയായിരുന്നു. രോഗികൾക്ക് ആശ്വാസമായും അന്ധർക്ക് കാഴ്ചയായും ബധിരർക്ക് കേഴ്‌വിയായും പാപികൾക്ക് മോചനമായും തളർന്നവർക്ക് താങ്ങായും മരിച്ചവർക്ക് ജീവനായും അവിടുന്ന് മാനവജീവിതങ്ങളിൽ നിറസാന്നിദ്ധ്യമായി.

മംഗളവാർത്തക്കാലത്തിനും തിരുപ്പിറവിക്കും ശേഷം ദനഹാക്കാലത്തിന്റെ ചൈതന്യത്തിലേക്കും സഭാമക്കൾ പ്രവേശിക്കുകയാണ്. ജീവിതകാലമത്രയും ഈശോയുടെ കൂടെയായിരിക്കുകയും അതിന് വിഘ്നം നേരിട്ട വേളയിൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്ത വിശുദ്ധരെയാണ് ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകളിൽ നാം സ്മരിക്കുന്നത്. അവരുടെ മാതൃക പിഞ്ചെന്ന് നമുക്കും  തമ്പുരാന്റെ കൂടെയായിരിക്കും. അവിടുന്ന് നമുക്കു നല്കിയ സഹോദരങ്ങളുടെ കൂടെയായിരിക്കാം.

മനുഷ്യന്റെ കൂടെയായിരിക്കാൻ ശൂന്യവൽക്കരണത്തിന്റെ പാത തെരഞ്ഞെടുത്ത ദൈവപുത്രനെ അനുകരിക്കണമെങ്കിൽ നാമും പലതും വിട്ടുപേക്ഷിക്കണം. അഹത്തിന്റെ പടികളിറങ്ങണം; താൻപോരിമയുടെ ഭാവം വെടിയണം; വ്യർത്ഥാഭിമാനത്തിന്റെ കോട്ടകൾ പൊളിക്കണം; സ്വാർത്ഥതയുടെ തിമിരം ബാധിച്ച കണ്ണുകളിൽ സ്നേഹത്തിന്റെ ദീപം തെളിക്കണം. കരയുന്നവന്റെ കണ്ണീർ കാണാനുള്ള കാഴ്ച അപ്പോൾ നിനക്കു ലഭിക്കും. അവന്റെ കണ്ണീരൊപ്പാൻ നിന്റെ കരങ്ങൾ ഉയരും. സഹോദരന്  കാവലും കൂട്ടുമായിത്തീരുമ്പോൾ അവന്റെ കണ്ണുകളിൽ പുത്തൻപ്രതീക്ഷകളുടെ സൂര്യോദയം നിനക്ക് കാണാനാകും. പുതുവർഷപ്പുലരിയിൽ ഇരുളടഞ്ഞ അനേകം ജീവിതങ്ങളിൽ ആശ്വാസത്തിന്റെയും പ്രത്യാശയുടെയും കിരണമാകാൻ നിനക്കു കഴിയുമെങ്കിൽ തീർച്ചയായും അവന് അനുഭവവേദ്യമാകും– ഇപ്പോഴും എപ്പോഴും കൂടെയായിരിക്കുന്നവനാണ് ദൈവമെന്ന്...

ക്രിസ്തുമസ് പുതുവത്സരാശംസകൾ

ഷിനി മുതുപ്ലാക്കൽ

അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*2009 ഡിസംബർ*

ആരാധനക്രമആദ്ധ്യാത്മികത

# മംഗലവാർത്താക്കാലം



ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ,
വടവാതൂർ സെമിനാരി

മാർതോമ്മാക്രിസ്ത്യാനികളായ നമ്മൾ മംഗലവാർത്ത ക്കാലത്തോടുകൂടി ഒരു പുതിയ ആരാധനാവത്സരം ആരംഭി ക്കുകയാണ്. ഈ കാലത്തിനു നമ്മുടെ പൂർവികർ പറഞ്ഞി രുന്ന പേര്, "അറിയിപ്പ്" എന്നർത്ഥമുള്ള "സൂബാറ" (സുറിയാ നി) എന്നാണ്. മനുഷ്യവർഗം മുഴുവനെയും സംബന്ധിച്ച് അതീ വമംഗളകരവും രക്ഷാദായകവുമായ "അറിയിപ്പിന്റെ" കാലമാ ണിത്. രക്ഷകനായ മിശിഹായെക്കുറിച്ച് മനുഷ്യചരിത്രത്തിന്റെ ആരംഭംമുതല്ക്കേ ദൈവം നല്കിയിരുന്നതും ഇസ്രായേൽജനം പ്രതീക്ഷയോടെ കാത്തിരുന്നതുമായ വാഗ്ദാനം നിറവേറാൻ പോകുന്നു എന്ന ദൈവികമായ "അറിയിപ്പ്" ഉണ്ടായ മഹാ സംഭവത്തെ അനുസ്മരിക്കുന്ന കാലം.

യഥാർത്ഥത്തിൽ മിശിഹായുടെ മനുഷ്യാവതാരവുമായി ബന്ധപ്പെട്ട മംഗളകരമായ പല അറിയിപ്പുകളുടെ കാലമാണി ത്. ഈ കാലത്തിലെ ആദ്യഞായറാഴ്ചത്തെ സുവിശേഷഭാഗം മിശിഹായ്ക്കു വഴിയൊരുക്കുവാൻ വരുന്ന സ്നാപകയോഹ ന്നാന്റെ ജനനത്തെക്കുറിച്ച് ഗബ്രിയേൽദൂതൻ അറിയിക്കുന്ന രംഗമാണ്. ദൂതൻ പറയുന്നു: "ദൈവസന്നിധിയിൽ നില്ക്കുന്ന ഗബ്രിയേലാണു ഞാൻ. നിന്നോടു സംസാരിക്കാനും ഈ സദ്വാർത്ത നിന്നെ അറിയിക്കാനുമായി എന്നെ അയച്ചിരി ക്കുന്നു" (ലൂക്കാ 1,19). സ്വർഗീയരോ ഭൗമികരോ ആയ തന്റെ ദൂതരിലൂടെ ദൈവം അറിയിക്കുന്ന കാര്യങ്ങൾ വിശ്വസി ക്കാതിരിക്കുന്നവർക്കു സംഭവിക്കാനിടയുള്ള അപകടം കൂടി സഖറിയായുടെ അനുഭവം നമ്മെ അനുസ്മരി പ്പിക്കുന്നുണ്ട്.

രണ്ടാമത്തെ ഞായറാഴ്ച വീണ്ടും അതേ ദൂതൻതന്നെ പ്രത്യക്ഷപ്പെടുന്നു. ദൈവമാണ് അവനെ അയയ്ക്കുന്നത് എന്നു വ്യക്തമായി പറയുന്നുണ്ട് (ലൂക്കാ1,26). എന്തിനാണ് അയച്ചതെന്നു തുടർന്നു വരുന്ന വലിയ അറിയിപ്പിൽനിന്നു വ്യക്തം (ലൂക്കാ 1,26-35). ഇതായിരുന്നു യഥാർത്ഥ മംഗലവാർത്ത. കന്യകയായ മറിയത്തിന്റെ ഉദ രത്തിൽ പരിശുദ്ധ റൂഹായുടെ ആവാസത്താൽ പുത്രൻതമ്പു രാൻ മനുഷ്യരൂപം സ്വീകരിക്കു ന്നു. "ഇതാ, കർത്താവിന്റെ ദാസി. നിന്റെ വചനംപോലെ എന്നിൽ സംഭവിക്കട്ടെ" (ലൂക്കാ 1,38) എന്ന പരിശുദ്ധ മറിയത്തിന്റെ സമ്മതത്തോടെ മനുഷ്യകുലത്തിന്റെ രക്ഷ സമാരംഭിച്ചു. പരിശുദ്ധ അമ്മയെപ്പോലെ ദൈവഹിതം അറിയിക്കപ്പെടുന്ന ദൈവവച നത്തിനു പൂർണമായി സമർപ്പി ക്കുമ്പോൾ നാമും രക്ഷിക്കപ്പെ ടും.

മൂന്നാമത്തെ ഞായ റാഴ്ച നമ്മൾ അനുസ്മരിക്കു ന്നത് ആദ്യഞായറാഴ്ച നല്ക പ്പെട്ട അറിയിപ്പിന്റെ നിറവേറ ലാണ്. ഗബ്രിയേൽദൂതൻ സഖറിയാ പുരോഹിതനെ അറിയിച്ചതുപോലെ അദ്ദേഹ ത്തിന്റെ ഭാര്യ ഏലീശ്ബാ,

യോഹന്നാനു ജന്മം നല്കി (ലൂക്കാ 1,57-80). ഈയവസരത്തിൽ പരിശുദ്ധ റൂഹായാൽ നിറഞ്ഞ സഖറിയാ പ്രവചനരൂപത്തിൽ ഒരു അറിയിപ്പ് നടത്തുന്നുണ്ട്. മിശിഹായുമായി ബന്ധപ്പെട്ടിട്ടുള്ള യോഹന്നാന്റെ ദൗത്യത്തെക്കുറിച്ചാണത്. ദൈവത്തിന്റെ കാരുണ്യാതിരേകം മനുഷ്യരൂപമെടുത്തിരിക്കുന്ന രക്ഷകനെക്കുറിച്ച് ജനത്തെ അറിയിക്കുക എന്നതായിരുന്നു യോഹന്നാന്റെ ദൗത്യം. സഖറിയായെയും യോഹന്നാനെയും പോലെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന രക്ഷകനായ മിശിഹായെ നമുക്കു ചുറ്റുമുള്ളവർക്ക് അറിയിക്കാൻ ഈ കാലം നമ്മെ ആഹ്വാനം ചെയ്യുന്നു.




നാലാമത്തെ ഞായറാഴ്ച വിശുദ്ധ യൗസേപ്പിതാവിനോടു ചേർന്നാണ് നമ്മൾ സദ്‌വാർത്തയുടെ "അറിയിപ്പ്" ശ്രവിക്കുന്നതും സ്വീകരിക്കുന്നതും (മത്താ 1,18-25). പരിശുദ്ധാരൂപിയാൽ കന്യകയിൽനിന്നു ജനിക്കുന്ന ഈശോ മനുഷ്യരക്ഷ സാധിക്കുന്നത് തന്റെ ജനത്തെ പാപത്തിൽനിന്നു വിമോചിപ്പിച്ചുകൊണ്ടാണ് എന്നു ദൂതൻ അറിയിക്കുന്നു. (മത്താ 1,21). "നമ്മുടെ ദൈവം നമ്മോടുകൂടെ" (മത്താ 1,23) എന്നതാണു ഏറ്റവും ശ്രേഷ്ഠമായ അറിയിപ്പ്. മനുഷ്യാവതാരത്തോടുകൂടി ദൈവം മനുഷ്യരോടുകൂടെ വസിക്കാൻ ആരംഭിച്ചു. ലോകാവസാനംവരെ നമ്മോടുകൂടെ ഉണ്ടാകുമെന്ന് അവിടുന്നുതന്നെ അറിയിച്ചാണ് സ്വർഗത്തിലേക്കു പോയിരിക്കുന്നതും (മത്താ 28,20). മനുഷ്യരായ നമ്മെ സംബന്ധിച്ച് ഇതിലും വലിയ ഭാഗ്യം എന്തിരിക്കുന്നു. നമ്മുടെ ദൈവം നമ്മോടുകൂടെ. നമ്മൾ ദൈവത്തോടുകൂടെ. പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിലേക്കു നാമും ഉൾച്ചേർക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിലേക്കു നാമും ഉൾച്ചേർക്കപ്പെട്ടിരിക്കുന്നു. എത്രയോ മഹത്തായ ഭാഗ്യം. നമുക്കു നല്ല തമ്പുരാനും നന്ദി പറയാം. കൂടെയുള്ള ദൈവത്തെ മറക്കാതെ ജീവിക്കാം.

മിശിഹായുടെ തിരുപ്പിറവി ആഘോഷിച്ചുകൊണ്ടാണ് ഈ കാലത്തിനു നമ്മൾ മകുടം ചാർത്തുന്നത്. അവിടുത്തെ ജനനവാർത്ത ദൈവദൂതൻ ഇടയന്മാരെ അറിയിക്കുന്നതാണ് നമ്മുടെയും സന്തോഷത്തിനു നിദാനം. ദൂതൻ അവരോടു പറഞ്ഞു: "നിങ്ങൾ ഭയപ്പെടേണ്ട. ഇതാ, സർവ്വലോകത്തിനുംവേണ്ടിയുള്ള ഒരു മഹാ സന്തോഷത്തിന്റെ സന്ദേശം നിങ്ങളെ ഞാൻ അറിയിക്കുന്നു. ഇതാ, ദാവീദിന്റെ നഗരത്തിൽ ഇന്നു നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ മിശിഹാ പിറന്നിരിക്കുന്നു" (ലൂക്കാ 2, 10-11). ഇനി നമുക്കു ഒന്നിനെയും ആരെയും ഭയപ്പെടേണ്ട ആവശ്യമില്ല. ആനന്ദിച്ചാഹ്ലാദിക്കാൻ വക ലഭിച്ചിരിക്കുന്നു. സർവമനുഷ്യർക്കും രക്ഷ നല്കുന്ന മിശിഹാ ജനിച്ചിരിക്കുന്നു. സ്വർഗീയവൃന്ദത്തോടുചേർന്നു നമുക്കും ദൈവത്തെ വാഴ്ത്തി സ്തുതിക്കാം. ഈശോയുടെ ജനനവേളയിൽ മാലാഖമാർ ആലപിച്ച ഗീതംതന്നെയാണല്ലോ ഓരോ പരിശുദ്ധ കുർബാനയുടെയും ആരംഭത്തിൽ നിത്യവും നമ്മൾ ആലപിക്കുന്നത്. ഭൂവാസികളായ നമ്മെ സ്വർഗവാസികളോടൊന്നിപ്പിച്ച കർത്താവിന്റെ കാരുണ്യത്തെ നമുക്കു സ്തുതിക്കാം.






പൗരോഹിത്യആധ്യാത്മികത

# പുതിയനിയമപൗരോഹിത്യവും പരിശുദ്ധാത്മാവും

ഡോ. മാത്യു വെള്ളാനിക്കൽ

## മിശിഹായുടെ ജനനത്തിൽ

പഴയനിയമപൗരോഹിത്യം ലേവീഗോത്രത്തിൽപെട്ടവർക്ക് പിന്തുടർച്ചാവകാശമായി ലഭിച്ചിരുന്നതാണ്. എന്നാൽ വെറും മാനുഷികജന്മത്താൽ ലഭിച്ച പൗരോഹിത്യമല്ല നിത്യപുരോഹിതനായ ഈശോമിശിഹായുടേത്. അവിടുന്ന് പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടത് പരിശുദ്ധാരൂപിയുടെ ശക്തിയാലാണ്. "ഇവനോ, ശാരീരിക ജനനക്രമമനുസരിച്ചല്ല, പ്രത്യുത, അക്ഷയമായ ജീവന്റെ ശക്തി നിമിത്തമാണ് പുരോഹിതനായത്" (ഹെബ്രാ 7,16). നിത്യപുരോഹിതനായ മിശിഹായുടെ ലോകപ്രവേശനം പ്രഖ്യാപിക്കുന്ന മംഗളവാർത്താവേളയിൽ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവാണെന്ന് വ്യക്തമാക്കുന്നുണ്ട്. "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും" (ലൂക്കാ 1,35).

തന്റെ ജനനത്തിനു പിന്നിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവിന്റെ ശക്തിയാൽ തന്നെയാണ് മിശിഹാ പൗരോഹിത്യശുശ്രൂഷയിലേക്ക് പ്രവേശിക്കുന്നതും. മാമോദീസാ മിശിഹായുടെ പൗരോഹിത്യപ്രഖ്യാപനമായിരുന്നു എന്നു പറയാം. "സ്നാനം കഴിഞ്ഞയുടൻ ഈശോ വെള്ളത്തിൽനിന്നു കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെമേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് ഒരു സ്വരം സ്വർഗ്ഗത്തിൽനിന്നു കേട്ടു" (മത്താ 3,16-17). മിശിഹായെ പുരോഹിതനായി ലോകത്തിനു മുമ്പിൽ വെളിപ്പെടുത്തുന്ന ഈ അവസരത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വളരെ വ്യക്തമാണ്.

## മിശിഹായുടെ പരസ്യജീവിതത്തിൽ

പൗരോഹിത്യശുശ്രൂഷാജീവിതത്തിൽ നയിക്കപ്പെടുന്നതും ശക്തീകരിക്കപ്പെടുന്നതും പരിശുദ്ധാത്മാവിനാൽ ആണെന്ന ബോദ്ധ്യം ഈശോയ്ക്കുണ്ടായിരുന്നു. ഔദ്യോഗികമായി പുരോഹിതശുശ്രൂഷ ആരംഭിക്കുമ്പോൾ തന്റെ ശുശ്രൂഷയുടെ അന്ത:സത്ത സുവിശേഷപ്രഘോഷണമാണെന്നും അതിനായി താൻ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട് അയയ്ക്കപ്പെട്ടിരിക്കുകയാണെന്നും അവിടുന്ന് പ്രഖ്യാപിക്കുന്നുണ്ട്: "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (ലൂക്കാ 4,18). "ഇതെന്ത്? അധികാരത്തോടെയുള്ള പുതിയ പ്രബോധനമോ?" (മർക്കോ 1,27) എന്ന് ജനങ്ങൾ അത്ഭുതപ്പെട്ട് പരസ്പരം പറയത്തക്കവിധമുള്ള ഈശോയുടെ ആധികാരികമായ പ്രബോധനങ്ങളുടെ പിന്നിലെ ശക്തി പരിശുദ്ധാത്മാവായിരുന്നു. ഒപ്പം, അവിടുത്തെ പ്രവർത്തനങ്ങളുടെ പിന്നിലും പ്രവർത്തിച്ചത് പരിശുദ്ധാത്മശക്തിതന്നെയാണ്. തന്റെ അത്ഭുതങ്ങളെ ദുർവ്യാഖ്യാനം ചെയ്ത ഫരിസേയരോട് അവിടുന്ന് പറഞ്ഞു: "ദൈവാത്മാവിനെക്കൊണ്ടാണു ഞാൻ പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതെങ്കിൽ ദൈവരാജ്യം നിങ്ങളിൽ വന്നുകഴിഞ്ഞിരിക്കുന്നു" (മത്താ 12,28). തന്റെ പ്രവർത്തനങ്ങളേയും പ്രബോധനങ്ങളേയും എതിർക്കുന്നവൻ പരിശുദ്ധാത്മാവിനെയാണ് എതിർക്കുന്നതെന്ന് ഈശോ സൂചിപ്പിക്കുന്നുണ്ട്. നിത്യപുരോഹിതനടുത്ത തന്റെ ശുശ്രൂഷ തിരസ്കരിക്കപ്പെട്ട പശ്ചാത്തലത്തിൽ അവിടുന്നു പറയുന്നു: "മനുഷ്യന്റെ എല്ലാ പാപവും ദൈവദൂ

ഷണവും ക്ഷമിക്കപ്പെടും; എന്നാൽ ആത്മാവിനെതിരായ ദൂഷണം ക്ഷമിക്കപ്പെടുകയില്ല. മനുഷ്യപുത്രനെതിരായി ആരെങ്കിലും ഒരു വാക്കു പറഞ്ഞാൽ അത് ക്ഷമിക്കപ്പെടും; എന്നാൽ പരിശുദ്ധാത്മാവിനെതിരായി ആരെങ്കിലും സംസാരിച്ചാൽ ഈ യുഗത്തിലോ വരാനിരിക്കുന്ന യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ല" (മത്താ 12,31-32). പീഡാനുഭവമരണ ഉത്ഥാനത്തിലൂടെയാണ് തന്റെ പൗരോഹിത്യശുശ്രൂഷ മിശിഹാ പൂർത്തീകരിച്ചത്. പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് ഇത് സാധ്യമായത്. "ഈശോയെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ, ഈശോമിശിഹായെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മർത്യശരീരങ്ങൾക്കും നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും" (റോമാ 8,11).

### രാജകീയ പൗരോഹിത്യത്തിലും ശുശ്രൂഷാ പൗരോഹിത്യത്തിലും

ഈശോയുടെ പൗരോഹിത്യത്തിൽ ശ്ലീഹന്മാർ പങ്കുചേർക്കപ്പെട്ടതും അവരുടെ കൈവയ്പിലൂടെ ലോകാവസാനംവരെയുമുള്ള പുരോഹിതർ പങ്കുചേർക്കപ്പെടുന്നതും പരിശുദ്ധാത്മാവിലൂടെയാണ്. ഈശോയുടെ ഉത്ഥാനത്തിനുശേഷമുള്ള പരിശുദ്ധാത്മാവിന്റെ ആഗമനത്തെക്കുറിച്ചുള്ള രണ്ടു വിവരണങ്ങൾ വി. ഗ്രന്ഥത്തിൽ നമുക്കു കാണുവാൻ സാധിക്കും. ശ്ലീഹന്മാരുടെ നേതൃത്വത്തിൽ സമ്മേളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്ന സഭാസമൂഹത്തിന്റെമേൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്നത് നടപടിപുസ്തകത്തിൽ വിവരിക്കുന്നു (അപ്പ. പ്രവ. 1,4). സഭാസമൂഹം മുഴുവനും ഉൾക്കൊള്ളുന്ന രാജകീയപൗരോഹിത്യത്തെക്കുറിച്ചുള്ള സൂചനയാണ് ഇത് നല്കുന്നത്. എന്നാൽ, ശുശ്രൂഷാപൗരോഹിത്യത്തിന്റെ പ്രത്യേകമായ രൂപംകൊള്ളൽ എടുത്തുകാണിക്കുന്നതാണ് വി.യോഹന്നാന്റെ വിവരണം. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുൾ ചെയ്തു. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,21-23).

*പരിശുദ്ധാത്മാവിന്റെ കൃപാവരം ഉജ്ജ്വലിപ്പിച്ചുകൊണ്ടു മാത്രമേ ഓരോരുത്തർക്കും തങ്ങളുടെ നിശ്ചിത പൗരോഹിത്യ ധർമ്മങ്ങൾ നിർവ്വഹിക്കാനാവൂ.*

### മാമ്മോദീസായിലൂടെയും കൈവയ്പിലൂടെയും

മാമ്മോദീസായിൽ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടെയാണ് സഭാംഗങ്ങൾ രാജകീയപൗരോഹിത്യത്തിലേക്ക് പ്രവേശിക്കപ്പെടുന്നത്. "ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല" (യോഹ 3,5). ഒരു വ്യക്തി ശുശ്രൂഷാപൗരോഹിത്യത്തിൽ പങ്കുചേർക്കപ്പെടുന്നത് പരിശുദ്ധാത്മാവിന്റെ കൃപാവരത്താലാണെന്ന് വി. കുർബാനയിലെ പ്രാർത്ഥന നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്: "പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർത്ഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു".

### പരസ്പരപൂരകങ്ങൾ

ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേർക്കപ്പെടുന്ന ഈ രണ്ടു പൗരോഹിത്യങ്ങളും പരസ്പരപൂരകങ്ങളായി സഭയിൽ നിലകൊള്ളുന്നു. സഭാംഗങ്ങളെ ഒരു പുരോഹിതജനമായി രൂപപ്പെടുത്തുക എന്നതാണ് ശുശ്രൂഷാപൗരോഹിത്യത്തിന്റെ ലക്ഷ്യം. ശുശ്രൂഷാപൗരോഹിത്യത്തോട് സഹകരിച്ചുകൊണ്ട് സഭാംഗങ്ങളെല്ലാവരും തങ്ങളുടെ രാജകീയ പുരോഹിതദൗത്യനിർവ്വഹണത്തിൽ പങ്കുചേരണം. പരിശുദ്ധാത്മാവിന്റെ കൃപാവരം ഉജ്ജ്വലിപ്പിച്ചുകൊണ്ടു മാത്രമേ ഓരോരുത്തർക്കും തങ്ങളുടെ നിശ്ചിത പൗരോഹിത്യ ധർമ്മങ്ങൾ നിർവ്വഹിക്കാനാവൂ. ഊതിക്കത്തിച്ചുകൊണ്ടിരുന്നില്ലെങ്കിൽ അഗ്നി ചാമ്പലായിത്തീരും. അതുപോലെ, അഗ്നിസമാനമായ അരൂപിയേയും പുനരുജ്ജ്വലിപ്പിക്കേണ്ട ആവശ്യമുണ്ട്. അതുകൊണ്ടാണ് "എന്റെ കൈവയ്പിലൂടെ നിനക്കു ലഭിച്ച ദൈവികവരം വീണ്ടും ഉജ്ജ്വലിപ്പിക്കണമെന്നു ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു" (2 തിമോ 1,6) എന്ന് വി. പൗലോസ്ശ്ലീഹാ ഓർമ്മിപ്പിക്കുന്നത്. തീക്ഷ്ണമായ പ്രാർത്ഥനയിലൂടെയും വചനാധിഷ്ഠിതമായ ജീവിതത്തിലൂടെയും പരിശുദ്ധാരൂപിയെ ഉജ്ജ്വലിപ്പിച്ചുകൊണ്ട് സഭാംഗങ്ങളെല്ലാവരും തങ്ങളുടെ പൗരോഹിത്യകൃപാവരത്തിൽ വളരണം. അജപാലനശുശ്രൂഷ സജീവമായി നിർവ്വഹിച്ചുകൊണ്ട് അജപാലകരും അജപാലനശുശ്രൂഷയിൽ സജീവമായി സഹകരിച്ചുകൊണ്ട് അജഗണങ്ങളും തങ്ങളുടെ പൗരോഹിത്യ ദൗത്യത്തോട് നീതി പുലർത്തണം.



# ഒരു കാളാമുണ്ടന്റെ ആത്മസംതൃപ്തി

സാബി കോഴിക്കോട്

പാലക്കാട്ടെ ഒരു കൊച്ചു ഗ്രാമത്തിലേക്കുള്ള മിഷൻയാത്ര. ബസ്സിൽ മണിക്കൂറുകൾ ഇരുന്ന് യാത്ര ചെയ്യുന്നതിന്റെ അല്പസ്വല്പ അലോസരങ്ങളുണ്ടെങ്കിലും കാടും മേടും പുഞ്ചപ്പാടങ്ങളും ചുരങ്ങളും എല്ലാം... ഞങ്ങളെ ദൈവത്തിന്റെ അതിഭാവുകത്വമാർന്ന സൃഷ്ടി വൈഭവത്തിലേക്ക് എത്തിച്ചു. അറിയാതെ ഉള്ളിൽനിന്നും ഒരു ദീർഘനിശ്വാസമുതിർന്നു. ദൈവമേ... നീ എത്ര കാരുണ്യവാൻ... ബസ് ഒരു ചെറിയ സിറ്റിയിൽ നിർത്തി. സിറ്റിയെന്നാൽ ഒരു മാടക്കടയും ചായക്കടയും, സൊറ പറഞ്ഞിരിക്കുന്ന കുറച്ച് അപ്പാപ്പന്മാരും അടങ്ങുന്നതാണ്. ഈ കടയിലോ? നാലോ അഞ്ചോ കാലിയായ ഭരണികളും ഉരിഞ്ഞു തീരാറായ ഒരു പഴക്കുലയും

തൂങ്ങിയാടുന്ന ആ 'കാളാമുണ്ടന്' എന്തോ പറയാനുള്ളതുപോലെ... പഴങ്ങളെല്ലാം ഉരിഞ്ഞുതീർന്ന അതിന്റെ പടലകൾ നിരയൊത്ത പല്ലുകൾപോലെ നമ്മെ നോക്കി പുഞ്ചിരിതൂകുന്നു. അറിയാതെ കണ്ണുകൾ കാളാമുണ്ടനിലുടക്കി. തന്നിൽ പഴങ്ങളൊന്നും അവശേഷിക്കുന്നില്ലെന്നും അടുത്ത നിമിഷം കടക്കാരൻ തന്നെ ഏതെങ്കിലും ചവറ്റുകൂനയിലേക്ക് വലിച്ചെറിയുമെന്നും അറിയാമായിരുന്നിട്ടും ആ കാളാമുണ്ടൻ അങ്ങനെ നിന്നു തലയെടുപ്പോടെ, സ്രഷ്ടാവ് തന്നെ ഏല്പിച്ച ദൗത്യം പൂർത്തിയാക്കിയ ആത്മസംതൃപ്തിയോടെ.

ലക്ഷ്യസ്ഥാനത്തെത്തി ധ്യാനവും പരിപാടികളും ആരംഭിച്ചു. കൗൺസിലിങ്ങിനു വന്ന ഒരദ്ധ്യാപകന്റെ കഥയിങ്ങനെ... ഇഷ്ടംപോലെ സ്വത്ത്, രണ്ടുനില വീട്, ആവശ്യത്തിനു ശമ്പളം. ദൈവം കൊടുത്ത സുന്ദരിയായ ഭാര്യയും ഒറ്റമകനും. ആധുനികസങ്കല്പമനുസരിച്ച് ഒരു മനുഷ്യന്റെ ജീവിതം സ്വർഗ്ഗമാകാൻ മറ്റെന്തു വേണം? എന്നാൽ ഈ മനുഷ്യന്റെ അവസ്ഥ നേരെ മറിച്ചാണ്... അദ്ദേഹം തന്റെ കുടുംബത്തിൽ രണ്ടു കുഞ്ഞുങ്ങൾ കൂടി വേണമെന്ന ചിന്താഗതിക്കാരനാണ്. എന്നാൽ ഭാര്യയോ?...ആദ്യത്തേത് സുഖപ്രസവമായിരുന്നെങ്കിലും അതിന്റെ ഓർമ്മപോലും ഭാരമായും, സൗന്ദര്യം പോകുന്ന മിഥ്യാധാരണയും ഹൃദയത്തിൽ പേറി ദൈവം തരാനാഗ്രഹിക്കുന്ന ജീവന്റെ ദാനത്തെ സ്വന്തം സുഖത്തിനുവേണ്ടി അടച്ചുകളയുന്നവളും... കുടുംബത്തിൽ പ്രശ്നമുണ്ടാകാതിരിക്കട്ടെ എന്നു കരുതി എല്ലാം സഹിച്ചു മുന്നോട്ടുപോകുന്ന ഭർത്താവ്.

തിരുവചനം പറയുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തു വീണഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അത്

വളരെ ഫലം പുറപ്പെടുവിക്കും" (യോഹ 12:24). സ്വന്തം സുഖവും സൗന്ദര്യവും സന്തോഷവും തേടുമ്പോൾ നാം മറന്നുപോകുന്ന മറ്റൊരു സത്യമുണ്ട്. "ദൈവം തന്റെ ഛായയും സാദൃശ്യവും" നല്കിയില്ലായിരുന്നുവെങ്കിൽ നമുക്കീ സൗന്ദര്യം എവിടെനിന്നു ലഭിക്കുമായിരുന്നു? സ്വന്തം രക്തം വിലയായി നല്കി ദൈവപുത്രൻ നമ്മെ വീണ്ടെടുത്തില്ലായിരുന്നുവെങ്കിൽ ഇന്നനുഭവിക്കുന്ന സ്വാതന്ത്ര്യവും ദൈവപുത്രസ്ഥാനവും നഷ്ടപ്പെട്ട നാം വെറും ജഡം മാത്രമായി അവശേഷിക്കുമായിരുന്നില്ലേ?...

'ജീവനുണ്ടാകുവാനും അതു സമൃദ്ധിയായി ഉണ്ടാകുവാനും' ആഗ്രഹിച്ച ഈശോയുടെ കാലടികൾ ഓരോ ദൈവപൈതലും പിന്തുടരണം. ഓരോ ദമ്പതികളുടെയും കടമയാണ് ജീവനെ സ്വീകരിക്കുക, സ്വയം ത്യജിച്ചു പരിപോഷിപ്പിക്കുക എന്നത്. 'എന്റെ', 'ഞാൻ', 'എനിക്ക്' തുടങ്ങി എല്ലാ 'അഹ'ത്തിന്റെ ഭാവങ്ങളും നമ്മിൽ നിന്നകറ്റിയാൽ അവിടെ ദൈവത്തെ കുടിയിരുത്തിയാൽ ആ നിമിഷംമുതൽ നമ്മുടെ ഉള്ളിൽ ഒരു സ്വരം മുഴങ്ങും 'ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു'.




അനുദിന വിശുദ്ധബലിയിൽ സ്വയം അപ്പമായിത്തീർന്ന്, നമ്മുടെ പല്ലുകൾക്കിടയിൽ ഞെരിഞ്ഞമരാൻ തക്ക ഹൃദയവിശാലതയുള്ള അത്യുന്നതന്റെ പുത്രരാണു നാം. സ്വയം എരിഞ്ഞുതീർന്ന് മറ്റുള്ളവർക്കു വെളിച്ചമേകുന്ന ഒരു ചെറുതിരിപോലെ, സ്വയം ഇല്ലാതായിത്തീർന്ന് മറ്റുള്ളവർക്ക് ജീവനേകുന്ന പരി. കുർബാനപോലെ, നിലത്തുവീണഴിഞ്ഞ് പുതുനാമ്പു മുളപ്പിക്കുന്ന ഗോതമ്പുമണിപോലെ ആയിത്തീരുവാൻ അവിടുന്ന് നമ്മെ ക്ഷണിക്കുന്നു.

ഇതിനാവശ്യം അപരനെയും അവന്റെ ദുഃഖങ്ങളെയും തന്റേതായി കരുതുവാനുള്ള ഹൃദയവിശാലതയും അവനുവേണ്ടി സ്വയം ഇല്ലാതായിക്കൊണ്ട് അപരനെ നേടുവാനുള്ള നല്ല സമറിയാക്കാരന്റെ മനോഭാവവുമാണ്. ഇവിടെ നാം ഒരു ചുവടുവയ്ക്കുമ്പോൾ തളർന്നുപോകാതെ മറ്റേ ചുവടുവയ്ക്കുവാനുള്ള ശക്തിയും കരുത്തും ദൈവം തരും.

മേൽസൂചിപ്പിച്ച ഭാര്യയെപ്പോലെ ആധുനികയുഗത്തിന്റെ ഫാഷൻ നമ്മുടെ കുടുംബങ്ങളെ നയിച്ചാൽ കുടുംബത്തിന്റെ അടിത്തറതന്നെ ഇളകും. തേയാത്ത കൈകൾ കൊണ്ടു ചോറു വിളമ്പിക്കൊടുക്കുന്നതിനേക്കാൾ നൂറിരട്ടി ഫലം കിട്ടും സ്നേഹത്താൽ തേഞ്ഞുതീർന്ന, കരിപിടിച്ച നിന്റെ കൈകൾകൊണ്ടു വിളമ്പുന്ന ചോറിന്. നമ്മെ രക്ഷിക്കാൻ ജീവൻ ത്യജിച്ച ദിവ്യനാഥന്റെ സഭാമക്കളായ നമുക്ക് ജീവനെ നിലനിർത്തുവാനും ക്രിസ്തീയത ആഴത്തിൽ ഈ സമൂഹത്തിൽ വേരു പാകുവാനും, യഥാർത്ഥ സാക്ഷ്യമായി തീരുവാനുമുള്ള കടമയുണ്ട്. ക്രിസ്തുശിഷ്യരായ നമുക്ക് ജീവനെ പന്താടുന്ന ഈ ലോകത്തിൽ ജീവൻത്യജിച്ചും ജീവനെ സംരക്ഷിക്കുവാനുള്ള വെല്ലുവിളി സ്വീകരിക്കാം.

ഈ പുതുവർഷത്തിൽ സർവ്വവും കൊടുത്തതിന്റെ സംതൃപ്തിയിൽ പുഞ്ചിരിതൂകുന്ന ആ കാളാമണ്ടന്റെ ആത്മസംതൃപ്തി നമ്മുടെ




# ശ്ലൈഹിക വിശ്വാസപൈതൃകം (Tradition of Aposotlic Faith)

## "സത്യത്തിൽ സ്നേഹം" (Caritas in Veritate) എന്ന ചാക്രികലേഖനം ആസ്പദമാക്കിയുള്ള ഒരു പഠനം

**ഫാ. റ്റോംസ് വി. കളപ്പുരയ്ക്കൽ**
**ചങ്ങനാശ്ശേരി**

സഭാപ്രബോധനങ്ങളുടെ കാതലിലും ഉള്ളടക്കത്തിലും നിർവിഘ്നമായ പ്രവാഹം ശ്രദ്ധേയമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ സൃഷ്ടിച്ച ആന്തോളനവും പോൾ ആറാമൻ പാപ്പായുടെ 'ജനതകളുടെ പുരോഗതിയും' ജോൺ പോൾ രണ്ടാമൻ പാപ്പായുടെ 'സാമൂഹിക ഔത്സുക്യവും' ബനഡിക്റ്റ് പതിനാറാമൻ പാപ്പായുടെ 'സത്യത്തിൽ സ്നേഹവും' സത്താപരമായ പുരോഗതി പുലർത്തുന്നു എന്നത് അത്ഭുതാവഹമാണ്.

1. *'സത്യത്തിൽ സ്നേഹം' ഊന്നിപ്പറയുന്ന സാമാന്യതത്ത്വങ്ങൾ ആഗോളസഭ അവളുടെ സത്തയിലും പ്രവൃത്തികളിലും - വചനം പ്രഘോഷിക്കുമ്പോഴും ആരാധിക്കുമ്പോഴും ഉപവിപ്രവൃത്തികൾ ചെയ്യുമ്പോഴുമെല്ലാം - മനുഷ്യന്റെ സമഗ്രവികസന പ്രക്രിയയിൽ മുഴുകുകയും പ്രോത്സാഹിപ്പിക്കുകയുമാണ് ചെയ്യുക (ഖ.11).*
2. *യഥാർത്ഥ മാനവവികസനം എന്നത് മനുഷ്യവ്യക്തിയുടെ സമ്പൂർണ്ണതയെ, അവന്റെ എല്ലാ മാനങ്ങളെയും സ്പർശിക്കുന്ന വികസനമാണ്.*

ആധുനികലോകത്തിന്റെ കാഴ്ചപ്പാടിൽ വന്ന വലിയൊരു വ്യതിയാനം മൂല്യരഹിതമായ സാമ്പത്തിക സങ്കല്പമാണ്. അതിനാൽ സമ്പത്ത് കുന്നുകൂട്ടുന്നതിൽ വിജയം കണ്ടെത്തുന്ന ഭാഗിക ദർശനം മാനവകുലത്തിനു തന്നെ അപകടം ക്ഷണിച്ചുവരുത്തുമെന്ന് രേഖ അനുശാസിക്കുന്നു. പുരോഗമനസങ്കല്പം ദൈവചിന്ത കൂടാതെ അസാദ്ധ്യമാണെന്നും പഠിപ്പിക്കുന്നു.

ആധുനികവ്യവസ്ഥിതിയിൽ, സാങ്കേതിക പുരോഗതിയെ ഉദാത്തീകരിക്കുന്നതും മനുഷ്യന്റെ പ്രാക്‌രൂപത്തിലേക്കെത്താമെന്ന ഭാവനാലോകത്തിന്റെ (ഉട്ട്യോപ്യ) സങ്കല്പവും രണ്ട് ഭിന്നങ്ങളായ വഴികളാണ് നിർദ്ദേശിക്കുന്നത്. തന്മൂലം പുരോഗതിയെ ധാർമ്മികവിശകലനത്തിന്റെ പരിധിയിൽനിന്നും ഒപ്പം നമ്മുടെ ഉത്തരവാദിത്വത്തിൽനിന്നും ഒഴിവാക്കുന്ന പ്രവണത (ഖ.14). മാർപാപ്പാമാരിലൂടെ അതിനിശിതമായ ഭാഷയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളതാണ്.

പോൾ ആറാമൻപാപ്പാ നിർവചിച്ചതുപോലെ പുരോഗതി സത്തയിലും സാരാംശത്തിലും ഒരു ദൈവവിളിയാണ് (ഖ. 16). ഇതൊരു ദൈവവിളിയാകയാൽ സ്വതന്ത്രവും ഉത്തരവാദിത്വപൂർണ്ണവുമായ മറുപടിയും പ്രതീക്ഷിക്കുന്നു (ഖ.17). അതുകൊണ്ടുതന്നെയാണ് ദാരിദ്ര്യത്തിലാണ്ടു കഴിയുന്ന ജനങ്ങൾ സമ്പന്നതയാൽ അനുഗൃഹീതരായവരോട് തീവ്രമായ അഭ്യർത്ഥന നടത്തുന്നത്. ഇത് ഒരു കൂട്ടുത്തരവാദിത്വത്തിലേക്ക് നയിക്കുന്നു. സമഗ്രമാനവവികസനം ഒരു വിളി എന്ന നിലയിൽ സത്യത്തോടുള്ള ആദരവും ആവശ്യപ്പെടുന്നുണ്ട് (ഖ.18). ഏതൊരു സമഗ്ര പുരോഗതിയും ഈശോയിലേക്ക് നയിക്കുന്നതായിരിക്കണം. സുവിശേഷങ്ങൾ സത്താപരമായി പുരോഗതിയ്ക്കുവേണ്ടിയാണെന്നുകൂടി പറഞ്ഞുവയ്ക്കാൻ മടി കാണിക്കുന്നില്ല എന്നത് വളരെ ശ്രദ്ധേയമാണ്.

പുരോഗതി ഒരു ദൈവവിളിയാകയാൽ അതിന്റെ കേന്ദ്രസ്ഥാനത്ത് ഉപവി പ്രശോഭി

ക്കുന്നു (ഖ.19). പോൾ ആറാമൻ പാപ്പാ പുരോഗതിയെ ദർശിച്ചത് സമഗ്രമനുഷ്യവിമോചനമായിട്ടാണ്. അതായത്, വിശപ്പ്, സാമ്പത്തികനിഷേധം, ഗുരുതരരോഗങ്ങൾ, നിരക്ഷരത എന്നിവയെ ഉച്ചാടനം ചെയ്യുന്നതായിട്ടാണ്. "ലാഭം" പുരോഗതിയുടെ അടിസ്ഥാനമാനദണ്ഡമായി കാണുന്ന അപകടകരമായ ദർശനത്തെ വിമർശനബുദ്ധിയോടെയാണ് നോക്കികാണുക. നമ്മുടെ പ്രത്യേക പശ്ചാത്തലത്തിൽ സഭയെ വെറുമൊരു സംഘടനയായി കാണാനും അതിന്റെ ദൈവികതയെ നമസ്കരിക്കാനുമുള്ള, സഭയ്ക്കുള്ളിൽനിന്നും പുറമേ നിന്നുമുള്ള, ശ്രമങ്ങൾ നാം കരുതലോടെ കാണേണ്ടതാണ്. സഭാപ്രവർത്തനങ്ങളെ സ്ഥാപനവൽക്കരണത്തിന്റേയും വരുമാനത്തിന്റേയും കാഴ്ചപ്പാടിൽമാത്രം നോക്കിക്കാണുന്നത് അപകടകരമായിരിക്കും. മനുഷ്യനന്മയ്ക്കായി ചെയ്യുന്ന പരോപകാരപ്രവൃത്തികളെ ഒരുപക്ഷേ കാണാനാവാത്തവിധം അന്ധമായ വീക്ഷണങ്ങൾ സഭയിലും കടന്നുകൂടാം. "ലാഭമല്ല" സഭയുടെ ആത്യന്തികലക്ഷ്യം മറിച്ച് സമഗ്രപുരോഗതിയാണ് എന്ന് ഇക്കൂട്ടർ മനസ്സിലാക്കുന്നത് നന്നായിരിക്കും.

### *തൊഴിലിന്റെ ചലനാത്മക*

തൊഴിലിന്റേയും തൊഴിലാളിയുടേയും ചലനാത്മകത സമ്പത്തിന്റെ സൃഷ്ടിയെ ത്വരിതപ്പെടുത്താനും സാംസ്കാരിക കൈമാറ്റത്തെ ഉത്തേജിപ്പിക്കാനും കാരണമാകുന്നു (ഖ.25). സമഗ്രതയിൽ മനസ്സിലാക്കപ്പെടേണ്ടതും സംരക്ഷിക്കപ്പെടേണ്ടതും വിലമതിക്കപ്പെടേണ്ടതുമായ പ്രഥമ മൂലധനം മനുഷ്യനാണ്. സുപ്രസിദ്ധ സാമ്പത്തിക വിദഗ്ദ്ധനായ കെയ്നിന്റെ (Keyne) "പൊതു തത്ത്വത്തിൽ" (General Theory) ചോദിക്കുന്നതുപോലെ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ നിലനിർത്താവുന്ന സമ്പൂർണ്ണ തൊഴിലവസരവും വിലസ്ഥിരതയും പാലിക്കപ്പെടുമോ എന്ന ചോദ്യം ഇവിടേയും ആവർത്തിക്കപ്പെടുകയാണ്. തൊഴിലിന്റെ മാന്യതയേയും തൊഴിലാളികളുടെ മാനുഷികതയേയും സഭ എത്രമാത്രം ആദരിക്കുന്നു എന്ന് ഈ രേഖ ലോകത്തോട് ഉച്ചൈസ്തരം പ്രഘോഷിക്കുന്നു. തൊഴിലാളികളെ ഉയർത്തിക്കാട്ടുന്നു എന്ന് അവകാശപ്പെടുന്ന തൊഴിലാളി സംഘടനകൾ, തൊഴിലാളിയിലെ വ്യക്തിയെ എത്രമാത്രം ആദരിക്കുന്നു എന്ന് ചിന്തിക്കുന്നത് ഇത്തരുണത്തിൽ നന്നായിരിക്കും.

### *സാംസ്കാരികതലം*

ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെടുകയും ദീർഘകാലം പരാശ്രിതരായി കഴിയുകയും ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ മാനസികവും ആദ്ധ്യാത്മികവുമായ സഹനത്തിലേക്ക് മനുഷ്യർ തള്ളിയിടപ്പെടുന്നു. തന്മൂലം മനുഷ്യന്റെ സർഗ്ഗാത്മകതയും ക്രിയാത്മകതയും സ്വാതന്ത്ര്യവും ഹനിക്കപ്പെടുകയും അതുവഴി വ്യക്തിബന്ധങ്ങളും കുടുംബബന്ധങ്ങളും സാമൂഹ്യബന്ധങ്ങളും ഛിന്നഭിന്നമാവുകയും ചെയ്യും. ഇത് ഒരു സാംസ്കാരിക പ്രതിസന്ധിയുടെ മൂലകാരണമാവുകയും ചെയ്യാം എന്ന് ചാക്രികലേഖനം പരാമർശിക്കുന്നു.

സംസ്കാരങ്ങൾ ഒന്നു മറ്റൊന്നിലേക്ക് ലയിച്ചില്ലാതാകുന്ന അവസ്ഥ വളരെ പ്രസക്തമാണ്. സംസ്കാരങ്ങൾ തമ്മിലുള്ള ഇടപഴകൽ (Interaction between cultures) ഇന്ന് കാലികമായിരിക്കുകയാണ്. 'ആഗോളവത്ക്കരണം' തീവ്രമായ പ്രാദേശികവൽക്കരണത്തിലേക്ക് നയി




ക്കപ്പെടുന്നു (Globalization leads to hipper localization) എന്ന മാധ്യമതത്വം ഇതിനോടു ചേർത്തു വായിക്കേണ്ടി

യിരിക്കുന്നു. വ്യക്തിസഭകളും സാംസ്കാരിക ന്യൂനപക്ഷങ്ങളുമൊക്കെ സഭയുടെ ശ്രദ്ധാവിഷയമാകുന്നത് ഈ ദർശനത്തിൽനിന്നാണ്.

*ജീവനെക്കുറിച്ചുള്ള ദർശനം*

തിരുസ്സഭ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്ന ഒരു വിഷയമാണ് 'ജീവനോടുള്ള ആദരവ്'. ദാരിദ്ര്യം ശിശുമരണത്തിലേക്ക് നയിക്കപ്പെടുമോ എന്ന് സഭ ഭയപ്പെടുന്നു. തന്മൂലം ജനനനിയന്ത്രണത്തിലേക്കും കൃത്രിമഗർഭനിരോധനമാർഗ്ഗങ്ങളിലേക്കും നയിക്കപ്പെടാം. പുരോഗതിയുടെ ഹൃദയഭാഗത്ത് 'ജീവിതത്തോടുള്ള തുറവി' പ്രതിഷ്ഠിക്കപ്പെടണമെന്ന് പാപ്പാ ആഗ്രഹിക്കുന്നു.

ജീവന്റെ സമഗ്രതയ്ക്ക് ആവശ്യമായ മറ്റൊരു ഘടകം മതസ്വാതന്ത്ര്യത്തിനുള്ള അടിസ്ഥാന അവകാശം ആദരിക്കപ്പെടണം എന്നതാണ്. എന്നാൽ 'മതഭ്രാന്ത്' നിരുത്സാഹപ്പെടുത്തേണ്ടതാണെന്നും പാപ്പാ അനുശാസിക്കുന്നു. രാജ്യങ്ങൾ പ്രായോഗികനിരീശ്വരത്വം പ്രോത്സാഹിപ്പിക്കുക വഴി മനുഷ്യന്റെ സമഗ്രപുരോഗതിസങ്കല്പത്തിന്റെ കടയ്ക്കൽ കോടാലി വയ്ക്കുകയാണ് ഫലത്തിൽ ചെയ്യുന്നത്.

*അറിവ് എന്ന മഹാദാനം*

വിജ്ഞാനവിസ്ഫോടനത്തിന്റെ ലോകത്ത് ജീവിക്കുന്ന സഭ വിജ്ഞാനത്തെ ആദരിക്കാൻ ഒട്ടും മടിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. ജനതകളുടെ സമഗ്രപുരോഗതിക്കായി വിജ്ഞാനത്തിന്റെ വിവിധതലങ്ങളും മേഖലകളും തമ്മിൽ ആരോഗ്യപരമായ ഇടപഴകൽ ഉണ്ടാകണമെന്ന് രേഖ അനുശാസിക്കുന്നു. "സ്നേഹം ബുദ്ധിയാൽ സമ്പന്നമാണ്; ബുദ്ധി സ്നേഹത്താൽ പൂരിതവുമാണ്" (ഖ. 30). ഇതിലൂടെ ബുദ്ധിശക്തിയും സ്നേഹവും തമ്മിലുള്ള പാരസ്പര്യമാണ് പാപ്പാ എടുത്തുപറയുന്നത്.

# ദനഹാക്കാലം



ദനഹാത്തിരുനാൾ മുതൽ വലിയ നോമ്പുവരെയുള്ള കാലയളവിനെയാണ് ദനഹാക്കാലം എന്നു വിളിക്കുന്നത്. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ, തന്റെ ദൈവത്വം ലോകത്തിനു വെളിപ്പെടുത്തിയതിനേയും സൃഷ്ടവസ്തുക്കളെയെല്ലാം വിശുദ്ധീകരിച്ചതിനേയും ഈ കാലത്തിൽ നാം അനുസ്മരിക്കുന്നു. ദനഹാത്തിരുനാളോടുകൂടി ദനഹാക്കാലം ആരംഭിക്കുന്നു. ഈശോയുടെ ദിവ്യത്വം പരസ്യമായത് യോർദ്ദാൻ നദിയിൽ യോഹന്നാനിൽനിന്ന് മാമ്മോദീസാ സ്വീകരിച്ചതോടെയാണ്. മാമ്മോദീസാ കഴിഞ്ഞ് ഈശോ വെള്ളത്തിൽനിന്നു കയറിയപ്പോൾ സ്വർഗം തുറക്കപ്പെടുകയും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ വന്നിരിക്കുകയും ചെയ്തു. "ഞാൻ ഏറ്റം സംപ്രീതനായിരിക്കുന്ന എന്റെ പ്രിയപുത്രൻ ഇവനാകുന്നു" (മത്താ 3,16-17) എന്ന ശബ്ദവും അതോടൊപ്പം അന്തരീക്ഷത്തിൽ മുഴങ്ങി. ഇങ്ങനെ നിത്യപിതാവു തന്നെ സ്വപുത്രനെ ലോകത്തിനു വെളിപ്പെടുത്തി. കൂടാതെ അതുവരെ തന്നെത്തന്നെ വെളിപ്പെടുത്താതെ തച്ചന്റെ പുത്രനായി മാത്രം കരുതപ്പെട്ട ഈശോ സാക്ഷാൽ അത്യുന്നതന്റെ പുത്രനാണെന്നും പരിശുദ്ധാത്മാവുമായി ഐക്യത്തിൽ ജീവിക്കുന്നു എന്നും പരസ്യമായി. അതിനുശേഷം ദൈവപുത്രൻ ഈ ലോകത്തിൽ നയിച്ച ജീവിതവും നല്കിയ പ്രബോധനവുമെല്ലാമാണ് ദനഹാക്കാലത്തിന്റെ ധ്യാനവിഷയം.

കടപ്പാട്: ഡോ. ചാൾസ് പൈങ്ങോട്ട് സി.എം.ഐ. *ആരാധനാവത്സരം*

# ദൈവം എന്നും നമ്മോടൊത്ത്

ഡോ. ജോസ് എ. പുളിക്കൽ
കാഞ്ഞിരപ്പള്ളി



‘ഹൃദയരേഖ’ എന്ന പംക്തിയിൽ എഴുത്തുകാരൻ പെരുമ്പടവം ഒരിക്കലിങ്ങനെ കുറിച്ചിട്ടു: “വ്യസനം ഉള്ളിലൊതുക്കിക്കൊണ്ട് ഒറ്റയ്ക്കിരിക്കുന്ന ഏകാന്തമായ നിമിഷങ്ങളിൽ ഒരു കൈ മെല്ലെ എന്റെ ചുമലിൽ പതിയുന്നതായി തോന്നും. ചിലപ്പോൾ ഒരു നടുക്കത്തോടെ മുഖമുയർത്തി നോക്കുമ്പോൾ അരികിൽ നില്ക്കുന്നതു ക്രിസ്തുവാണ്. സ്നേഹവും കാരുണ്യവും നിറഞ്ഞ മുഖഭാവത്തോടെ; ‘വിഷമിക്കാതെ’ എന്ന് നിശ്ശബ്ദമായി പറഞ്ഞുകൊണ്ട്”. ചരിത്രത്തിലേക്കിറങ്ങിവന്ന് മനുഷ്യസമൂഹത്തിന്റെ ചുമലിൽ കൈവച്ചുകൊണ്ട് ‘വിഷമിക്കാതെ ഞാൻ നിന്റെ കൂടെയുണ്ട്. നീ എന്റെ ചാരത്തു ചേർന്നുനില്ക്ക്’ എന്നു ദൈവം ലോകത്തോടു പറഞ്ഞതിന്റെ സ്മരണകളാണ് പിറവിത്തിരുനാളിൽ നമ്മൾ പുതുക്കുന്നത്. ദൈവം ‘എമ്മാനുവേൽ’ ആയിത്തീർന്ന രക്ഷകൻ നമ്മിലേക്ക്, പാപത്തിന്റെ ഭാരം വഹിക്കുന്ന മനുഷ്യനിലേക്ക് ഇറങ്ങിവന്നു.

ദൈവം ഭൂമിയെ ഹൃദയപൂർവം തൊട്ടതിന്റെ ഓർമ്മദിനമാണ് ക്രിസ്മസ്. “കർത്താവേ, അങ്ങ് ആകാശം ചായിച്ച് ഇറങ്ങിവരണമേ” (സങ്കീ. 144,5) എന്ന് ഇസ്രായേൽജനം പ്രാർത്ഥിച്ചിരുന്നു. രക്ഷകനുവേണ്ടി പ്രാർത്ഥനാപൂർവം കാത്തിരുന്ന ഒരു ജനതയുടെ പ്രതീക്ഷകൾക്ക് ദൈവം കൊടുത്ത മറുപടിയാണ് മനുഷ്യാവതാരം. വരാനിരിക്കുന്ന രാജാവിനെ പ്പറ്റിയുള്ള മിക്കാപ്രവചനം മിശിഹായിലാണ് യാഥാർത്ഥ്യമാകുന്നത്. “ബേത്‌ലെഹെം-എഫ്രാത്ത, യൂദാ ഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽനിന്നു പുറപ്പെടും; അവൻ പണ്ടേ, യുഗങ്ങൾക്കുമുമ്പേ ഉള്ളവനാണ്” (മിക്ക 5:2). ശരീരിയായി മനുഷ്യരൂപത്തിൽ ഇറങ്ങിവന്ന ദൈവപുത്രനിൽ പഴയനിയമപ്രവചനങ്ങൾ പൂർത്തിയാകുന്നു. അബ്രാഹത്തിനും അവന്റെ ‘സന്തതി’ക്കും കൊടുത്ത അനുഗ്രഹം ദൈവപുത്രനിൽ എത്തിപൂർണ്ണത വരിക്കുന്നുവെന്ന് പൗലോസ് ശ്ലീഹാ നിരീക്ഷിക്കുന്നു (ഗലാ 3:16). ദൈവത്തിന്റെ ഇറങ്ങിവരവിൽ ദൈവിക വെളിപാട് ഏറ്റവും ഹൃദയസ്പർശിയും ജീവിതബന്ധിയുമായ ഒരനുഭവത്തിന്റെ മറ നീക്കുകയാണ്.

വാഗ്ദാനദേശത്തേക്കുള്ള മരുഭൂമി യാത്രയിൽ ദൈവം തന്റെ ജനത്തോടൊപ്പം സഞ്ചരിച്ചു. രാത്രി അഗ്നിസ്തംഭമായും പകൽ മേഘത്തൂണായും യാത്ര ചെയ്ത ദൈവസാന്നിധ്യം തിരുപ്പിറവിയിൽ മാംസം ധരിച്ച് മനുഷ്യനെ തൊട്ടുരുമ്മി നില്ക്കുന്നു. മനുഷ്യജന്മത്തിന്റെ മരുഭൂമി

യനുഭവങ്ങളിൽ കൂട്ടിനെത്തുന്ന ദൈവത്തെ നിയമാവർത്തനം അവതരിപ്പിക്കുന്നതിങ്ങനെ:"അവിടുന്ന് അവനെ മരുഭൂമിയിൽ ശൂന്യത ഓരിയിടുന്ന മണലാരണ്യത്തിൽ കണ്ടെത്തി; അവനെ വാരിപ്പുണർന്നു..." (നിയമാ 32:10). മനുഷ്യനെ തിരഞ്ഞെത്തുന്ന ദൈവഹൃദയത്തിന്റെ ആർദ്രഭാവങ്ങൾക്ക് എന്തൊരു പൂർണ്ണതയും ലാവണ്യവുമാണ് ക്രിസ്തുവിൽ ലഭിക്കുന്നത്! ദൈവത്തിന്റെ ജീവിക്കുന്ന സാന്നിധ്യം നമ്മോടൊപ്പമെന്ന തിരിച്ചറിവിലേക്കും പാപമോചനത്തിന്റെ അനുഭവങ്ങളിലേക്കുമാണ് ക്രിസ്മസ് നമ്മെ ക്ഷണിക്കുന്നത്. ഉത്ഥിതൻ ശിഷ്യർക്കു നൽകിയിട്ടു പോകുന്നതും "യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കു"മെന്ന ഉറപ്പാണ് (മത്താ 28:20).

ജീവിതയാത്രയുടെ സഹന-സംഘർഷങ്ങളിൽ, ഒറ്റപ്പെടലുകളിൽ അവൻ കൂടെയുണ്ട്. ആരും തനിച്ചല്ല എന്ന ഓർമ്മപ്പെടുത്തൽ മനുഷ്യാവതാരത്തിൽ മുഖ്യധ്യാന വിഷയമായിരിക്കണം.'ഒറ്റപ്പെടൽ' ദാരിദ്ര്യത്തിന്റെ ഏറ്റവും പ്രകടമായ ഒരു ഭാവമാണെന്ന് ലോകത്തിന്റെ കാലികപ്രതിഭാസങ്ങളെ വിലയിരുത്തി ക്കൊണ്ട് ബെനഡിക്ട് 16-ാമൻ പാപ്പാ നിരീക്ഷിക്കുന്നുണ്ട് (Caritas In Veritate). ഏകാകിയുടെ, പരിത്യക്തന്റെ, പാർശ്വവത്കരിക്കപ്പെട്ടവന്റെ നൊമ്പരങ്ങളിലേക്കാണ് മിശിഹാ ഇറങ്ങിവരുന്നത്. ക്രിസ്തുവിൽ ആയിരിക്കുന്നവർ (പുതിയ സൃഷ്ടി) എമ്മാനുവേൽ അനുഭവത്തോടെ, അപരന്റെ ദുരിതങ്ങളിലേക്ക് ഒരു കൈത്താങ്ങായി എത്തിച്ചേരുവാൻ ക.ടപ്പെട്ടിരിക്കുന്നു.

വർദ്ധിച്ചുവരുന്ന ആത്മഹത്യകൾക്കും അധാർമ്മിക പ്രവണതകൾക്കുമുള്ള മറുമരുന്നാണ് 'ദൈവം നമ്മോടു കൂടെ'യുണ്ട് എന്ന വിശ്വാസ ബോധ്യം. ആകാശങ്ങൾക്കപ്പുറം ഏതോ വിദൂരതയിൽ കഴിയുന്ന ശക്തിയായി മാത്രം

> "ജീവിതയാത്രയുടെ സഹന-സംഘർഷങ്ങളിൽ, ഒറ്റപ്പെടലുകളിൽ അവൻ കൂടെയുണ്ട്. ആരും തനിച്ചല്ല എന്ന ഓർമ്മപ്പെടുത്തൽ മനുഷ്യാവതാരത്തിൽ മുഖ്യ ധ്യാന വിഷയമായിരിക്കണം"

ദൈവത്തെ കാണുന്ന മതചിന്തയിൽനിന്നും ജീവിതത്തിന്റെ പച്ചയായ ഇന്നുകളിലേക്കിറങ്ങിവന്ന് നമ്മെ നയിക്കുന്നവനാണ് ദൈവമെന്ന അനുഭവത്തിലേക്കാണ് നാം വളർന്നെത്തേണ്ടത്. ചരിത്രത്തിലിടപെട്ട് മനുഷ്യനെ ആർദ്രതയിലേക്കും ഔദാര്യത്തിലേക്കും വഴിനടത്തുന്ന ദൈവികപദ്ധതിയിൽ നാം ആശ്രയിക്കണം. ഇതുതന്നെയാണ് ആഗോളസാമ്പത്തിക മാന്ദ്യമുൾപ്പെടെയുള്ള മനുഷ്യന്റെ അടിസ്ഥാന പ്രതിസന്ധികൾക്കുള്ള മറുപടിയെന്ന്'സത്യത്തിൽ സ്നേഹ'മെന്ന ചാക്രികലേഖനത്തിൽ ബെനഡിക്റ്റ് പാപ്പാ പറഞ്ഞുവയ്ക്കുന്നുണ്ട്.

മിശിഹായുടെ ജനനം രക്ഷയുടെ സദ്വാർത്തയാണ്. സകല ജനങ്ങൾക്കുമുള്ള സന്തോഷത്തിന്റെ സുവിശേഷമാണ് അവന്റെ സന്ദർശനം. 'ലോകമാസകലമുള്ള ജനങ്ങളുടെ' പേരെഴുതിക്കാനുള്ള സെൻസസിന്റെ പശ്ചാത്തലത്തിലാണ് ഈശോയുടെ ജനനം. സകലജനങ്ങൾക്കും വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷ ചരിത്രപരമായ ഒരു മഹത്തായ വഴിത്തിരിവിലേക്കു പ്രവേശിക്കുന്നുവെന്ന പഠനമുണ്ടിതിൽ. റോമൻ സീസറിന്റെ അധികാരവും പ്രൗഢിയും സ്ഥാപിച്ചെടുക്കുന്നതിനും നികുതി ഏർപ്പെടുത്തുന്നതിനുമാണ് അദ്ദേഹം സെൻസസ് നടപ്പിൽ വരുത്തിയത്. ഭൗതികാധികാരത്തിന്റെ ഗർവ്വിനുമേൽ ദൈവത്തിന്റെ കരം വിജയം വരിക്കുന്നു. കാലിത്തൊഴുത്തിലെ വിനീത ജനനത്തിലൂടെ രാജാധിരാജനായ ക്രിസ്തു അഹങ്കാരത്തിന്റെ -ആധിപത്യത്തിന്റെ ചരിത്രമതിലുകൾ പൊളിച്ചെടുക്കുകയാണ്.

ചക്രവർത്തിയുടെ (ഭൗതിക) അധികാരഗർവ്വും ബലഹീനശിശുവിന്റെ ദൈവികതയും തമ്മിലുള്ള സംഘർഷം ശ്രദ്ധേയം. ഇന്നും തുടരുന്ന ചരിത്രയാഥാർത്ഥ്യങ്ങളിലേക്കുള്ള വിരൽചൂണ്ടി




യാണിത്, പരിശുദ്ധ മറിയത്തിന്റെ പ്രകീർത്തനംപോലെ ദൈവം 'ശക്തന്മാരെ സിംഹാസനങ്ങളിൽനിന്നു മറിച്ചിട്ട് എളിയവരെ ഉയർത്തി' നീതി നടപ്പാക്കുന്നവനാണ്. ഭൗതിക ശക്തിയിൽ ഉള്ളുറപ്പിച്ച് അഹങ്കരിക്കുന്ന പ്രസ്ഥാനങ്ങളും പ്രത്യായശാസ്ത്രങ്ങളും ദൈവസ്പർശത്തിൽ തകർന്നടിയുമെന്ന മുന്നറിയിപ്പുണ്ടിവിടെ. സൃഷ്ടിയായ മനുഷ്യൻ ആരാധനാഭാവത്തോടെ, ദൈവത്തെ മഹത്ത്വപ്പെടുത്തി, വിനീതനായി നില്ക്കുമ്പോഴാണ് അവന് ദൈവകൃപ ലഭിക്കുന്നത്. ദൈവകൃപ ലഭിക്കുന്നവർക്കുള്ള വിരുന്നാണ് ദൈവപുത്രൻ വിളമ്പുന്ന സമാധാനവും സന്തോഷവും. ഈ സദ്വാർത്ത സ്വീകരിക്കാൻവേണ്ടി നാം മനസ്സും ഹൃദയവും ഒരുക്കണം.

ദാവീദിന്റെ പട്ടണമായ 'ബെത്‌ലെഹെമി'ലാണ് ക്രിസ്തുവിന്റെ ജനനം. 'അപ്പത്തിന്റെ ഭവനം' എന്ന് അർത്ഥം വരുന്ന വിധം രണ്ടു ഹീബ്രുപദങ്ങൾ കൂട്ടിച്ചേർത്തിരിക്കുന്നു. അപ്പത്തിന്റെ ഭവനമെന്ന നാമാർത്ഥം ഈശോയുടെ രക്ഷാകരജീവിതവും സമർപ്പണവുമായി ഏറെ ബന്ധപ്പെട്ടുനില്ക്കുന്നുണ്ട്. ബൈബിൾ തന്നെ ഒരർത്ഥത്തിൽ അനുഗ്രഹദായകമായ ഒരു അപ്പക്കഥയാണ്. ദൈവം തന്റെ പ്രിയമക്കൾക്കുവേണ്ടി സ്വയം പങ്കുവയ്ക്കുന്നതിന്റെ രക്ഷാകരമായ ചരിത്രം!

അപ്പത്തിന്റെ അസ്തിത്വം മുറിച്ചുവിളമ്പപ്പെടാനുള്ളതാണ്. കാലികൾക്ക് ആഹാരമായിത്തീരുന്ന പുൽനാമ്പുകളിൽ ശയിക്കുന്ന പ്രപഞ്ചസ്രഷ്ടാവിനെപ്പറ്റി ഫുൾട്ടൻ ജെ. ഷീൻ വിസ്മയഭരിതനായി ധ്യാനിക്കുന്നുണ്ട് 'Life of Christ' എന്ന ഗ്രന്ഥത്തിൽ, ലോകത്തിനു ജീവനേകുന്ന അപ്പമാകേണ്ടവൻ 'പുൽത്തൊട്ടിയിൽ' ബലഹീന ശരീരമോടെ പിറന്നുവീണിരിക്കുന്നു.

അപ്പത്തിന്റെ അസ്തിത്വപരമായ പങ്കുവയ്ക്കലിന്റെ സാധ്യതയിലേക്കുതന്നെയാണ് ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നത്. സ്വയം ത്യജിക്കാനും മറ്റുള്ളവർക്കായി പങ്കുവയ്ക്കാനും ക്രിസ്തുശിഷ്യനു കഴിയണം. മാതാപിതാക്കന്മാരും മക്കളും സ്വയം ശൂന്യമാക്കുന്ന, മുറിച്ചുവിളിമ്പുന്ന വേദിയാകണം കുടുംബം. ഈ പങ്കുവയ്ക്കലിന്റെ തുടർച്ചയായിരിക്കണം സമൂഹത്തിലും ലോകമെന്ന വലിയ കുടുംബത്തിലും സംഭവിക്കേണ്ടത്. ഓരോ വ്യക്തിയും പങ്കുവയ്ക്കലിന്റെ ദൗത്യം വിശ്വസ്തതയോടെ നിർവഹിക്കുമ്പോഴാണ് ഇതു യാഥാർത്ഥ്യമാകുന്നത്. നമ്മുടെ സമയവും കഴിവുകളും സിദ്ധികളും സമ്പത്തുമെല്ലാം അപരനുവേണ്ടി സമർപ്പിക്കുന്ന ഇടങ്ങളിലാണ് ക്രിസ്തു ഇന്നും പിറക്കുന്നത്. 'ആർദ്രസ്നേഹത്തിന്റെ പുൽത്തൊട്ടി'യിൽ പിറന്നിരിക്കുന്ന ശിശുവിനെ കാണാൻ നാമിനിയും എത്രകാലം നടക്കണം...?

## ദനഹായുടെ ചൈതന്യത്തിൽ

സ്വർഗ്ഗരാജ്യം വിദൂരത്തല്ലെന്നും മനുഷ്യരുടെയിടയിൽത്തന്നെ സ്ഥാപിതമായിരിക്കുന്നുവെന്നും സ്വന്തം സാന്നിദ്ധ്യത്താൽ ഈശോ കാണിച്ചുതന്നു. ഈ യാഥാർത്ഥ്യം ഈശോയുടെ അനുയായികൾ അനുഭവിച്ചറിഞ്ഞു. അവരുടെ ചൈതന്യമാണ് ദനഹാക്കാലത്ത് വിശ്വാസികൾക്കുണ്ടാകേണ്ടത്. ദൈവം വന്നു മനുഷ്യരുടെയിടയിൽ വസിക്കുകയും മനുഷ്യവംശത്തെ നവീകരിച്ചു ദൈവമക്കളാക്കുന്നതിനു വേണ്ടതെല്ലാം ചെയ്യുകയും ചെയ്ത ആ കാലഘട്ടത്തിലെന്ന പോലെയായിരിക്കണം ദനഹാക്കാ




ലത്തെ നമ്മുടെ ക്രിസ്തീയ ജീവിതവും. തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ പെസഹാരഹസ്യത്തെ, അതായത് തന്റെ പീഡാനുഭവം, മരണം, ഉത്ഥാനം എന്നീ വസ്തുതകളെ പ്രതിബിംബിച്ചുകൊണ്ട് അതിനായി മിശിഹാ ജീവിച്ചു. അതുപോലെ നാമും രക്ഷകന്റെ മരണവും ഉയിർപ്പും നമ്മുടെ ജീവിതത്തിൽ ഉടനീളം സാക്ഷാത്കരിക്കേണ്ടവരാണ്. ഈ സാക്ഷാത്ക്കരണമാണ് ക്രിസ്തീയ ജീവിതത്തിന്റെ കാതൽ.



1




# പുതുവർഷം ദൈവത്തിന്റെ ദാനം



ലൂസിയാ മേലേടത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

2010. ഒരു പുതുവർഷം നമ്മുടെ മുമ്പിൽ വിടരുവാനായി വെമ്പൽ കൊള്ളുകയാണ്. പുത്തൻപ്രതീക്ഷകളും പുത്തൻ തീരുമാനങ്ങളും കൈക്കൊള്ളേണ്ട സമയം സമാഗതമായിരിക്കുന്നു. ഒത്തിരി സ്വപ്നങ്ങൾ കാണുവാനും, ആ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകുവാനും, ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുവാനുമുള്ള അവസരം. മുൻപ്രസിഡണ്ടായിരുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകൾ ഈയവസരത്തിൽ പ്രസക്തമാണ്: "Dream, Dream, Dream. Dream transformed into thoughts and thoughts results in action". യാഥാർത്ഥ്യമാക്കേണ്ട സ്വപ്നങ്ങളെക്കുറിച്ച് ചിന്തിച്ച് നിരുത്സാഹരായിരുന്നാൽപ്പോരാ, നേരെമറിച്ച് അത്യാദ്ധ്വാനവും ലക്ഷ്യബോധവും അച്ചടക്കവും തീവ്രമായ ആഗ്രഹവും മൂല്യബോധവും ദൃഢനിശ്ചയവും ജീവിതത്തിന്റെ ഭാഗധേയമാക്കി മാറ്റണം. ഒരു പുതുവർഷംകൂടി കാണുവാൻ, ഈ വർഷത്തെ ജീവിതയാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുവാൻ നമുക്കായി - നമുക്കു മാത്രമായി ഒരു വാതായനം തുറന്നിരിക്കുന്നു. ഒപ്പം കഴിഞ്ഞ വർഷം ദൈവം നമുക്കായി അനുഗ്രഹത്തിന്റെ ഭാണ്ഡാരം തുറന്നുതന്നു. അതിനു നന്ദി പറയുവാനുള്ള സമയം കൂടിയാണിത്. കഴിഞ്ഞ വത്സരത്തിൽ ഒരുപക്ഷേ ഒത്തിരി പരാജയങ്ങൾ, തകർച്ചകൾ, തളർച്ചകൾ, കുറവുകൾ, നിരാശ ഇതെല്ലാം അനുഭവപ്പെട്ടുകാണും. ഇതെല്ലാം ദൈവത്തിന്റെ അനന്തപരിപാലനയിൽ ദൈവം നമുക്കായി ഒരുക്കിയതാണ്. ഇതെല്ലാം നമുക്കായി നൽകിയിട്ട് ദൈവം കൈയും കെട്ടി മാറിനിൽക്കുകയായിരുന്നില്ല. താങ്ങാനുള്ള കരുത്തായി, താങ്ങായി, സഹായമായി നമ്മുടെ കൂടെയുണ്ടായിരുന്നു എന്നത് നമുക്ക് മറക്കാനാവില്ല. ഇസ്രായേലിന്റെ ചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ കാനാൻദേശത്തിലേക്കുള്ള അവരുടെ യാത്രയിൽ പകൽ മേഘത്തൂണായും രാത്രി അഗ്നിസ്തംഭമായും അവിടുന്ന് നയിച്ചു. വിശപ്പിന്റെ ഉൾവിളികളുയർന്നപ്പോൾ മന്നായും കാടപ്പക്ഷിയും നൽകി. ഇത്രയധികം ഇസ്രായേലിനെ അനുഗ്രഹിച്ച ദൈവം പുതിയ ഇസ്രായേലായ നമ്മളെ തകർച്ചകളിൽ താങ്ങാതിരിക്കുമോ? "ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്" എന്നരുളിച്ചെയ്തുകൊണ്ട് താങ്ങായി, കരുത്തായി, പരാജയത്തിൽ വിജയമായി, തളർച്ചകളെ ഉയർച്ചകളാക്കി മാറ്റും എന്നതിൽ സംശയമില്ല. അതോടൊപ്പം പരാജയങ്ങൾ പഠിക്കാനായി നമുക്കുവേണ്ടി ഒരുക്കുന്ന അവസരങ്ങളാണ്. പരാജയങ്ങളിൽനിന്ന് പാഠം പഠിക്കാം. പരാതിപ്പെടേണ്ട; പതറേണ്ട... ഉൾക്കൊള്ളാം സഹനങ്ങളെ... സഹനങ്ങൾ നമ്മെ രൂപാന്തരപ്പെടുത്തുന്ന മാദ്ധ്യമങ്ങളാണ്. പ്രഭാ 2,4-5: "വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക; ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത കൈവെടിയരുത്. എന്തെന്നാൽ സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു. സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും". പ്രകൃതിതന്നെ നമുക്കു സഹനത്തിന്റെ പാഠങ്ങൾ കൈമാറുന്നുണ്ട്. വിത്ത് മണ്ണിൽ വീണഴിയുന്നില്ലെങ്കിൽ ഫലം പുറപ്പെടുവിക്കുവാൻ


കഴിയുകയില്ല. കർപ്പൂരം അഗ്നിയാൽ ഉരുകുന്നില്ലെങ്കിൽ അതിന് നറുമണം പകരുവാൻ കഴിയുകയില്ല. സ്വർണ്ണം അഗ്നിയിൽ ഉരുകുന്നില്ലെങ്കിൽ അതിന് മനോഹരമായ ആഭരണങ്ങളാകുവാൻ കഴിയുകയില്ല. ഇരുമ്പ് തീയിൽ പഴുപ്പിക്കപ്പെട്ടാണ് ആയുധങ്ങളായിതീരുന്നത്. ജീവിതത്തിൽ ഒഴിവാക്കാനാവാത്ത ഒരു ഘടകമുണ്ടെങ്കിൽ അത് സഹനമാണ്.

പുതുവത്സരത്തിൽ നമുക്കനുഭവപ്പെടുന്ന സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിക്കാം.

ഈ പുതുവത്സരത്തിൽ വിദ്യാർത്ഥികളോട് പറയുവാനുള്ളത് ഇതാണ്. ഭാവിയുടെയും രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും കുടുംബത്തിന്റെയും പ്രതീക്ഷകളാണ് നിങ്ങൾ ഓരോരുത്തരും. ക്വട്ടേഷൻ സംഘങ്ങളിൽ പെടാതെ, റോമിയോ ജിഹാദിൽപ്പെടാതെ, നമുക്ക് ഒത്തിരി ഉത്തരവാദിത്വങ്ങൾ ഈ സമൂഹത്തോട് പുലർത്തുവാനുണ്ട്. ക്രൈസ്തവമൂല്യങ്ങളെ മുറുകെപ്പിടിച്ച്, നാമായിരിക്കുന്ന അവസ്ഥയെ അംഗീകരിച്ച് നമ്മളെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കേണ്ട സമയമാണിത്. മാതാപിതാക്കൾ മക്കളെക്കുറിച്ച് ഒത്തിരി സ്വപ്നങ്ങളും പ്രതീക്ഷകളും നെയ്യുന്നവരാണ്. അത് കാണാതെ, നമ്മുടേതായ ഗ്രൂപ്പിലും സംഘങ്ങളിലുംപെട്ട് സമയവും ആരോഗ്യവും അഭിമാനവും നഷ്ടപ്പെടുത്തുന്ന പുത്തൻതലമുറ ആധുനികജീവിതത്തിന്റെ ഫാഷനായിരിക്കുന്നു. 'തിരിച്ചറിവ്' ഉണ്ടാകുമ്പോഴേക്കും സമയം കടന്നുപോയിരിക്കും.




പിന്നീടുണ്ടാകുന്ന പശ്ചാത്താപത്തിന് ഒരുപക്ഷേ നമ്മളെ നമ്മുടെ പഴയജീവിതത്തിലേക്കു മടക്കികൊണ്ടുവരുവാൻ കഴിഞ്ഞെന്നുവരില്ല. ആദ്ധ്യാത്മികതയും കൂദാശാജീവിതവുമെല്ലാം പന്ത്രണ്ടാം ക്ലാസ്സു കഴിഞ്ഞാൽ ഇന്ന് ഔട്ട് ഓഫ് ഫാഷൻ ആയിരിക്കുന്നു. ജീവിതത്തിൽ എനിക്ക് ഉയരുവാൻ കഴിയുന്നില്ലെന്ന് പറയുന്നവൻ വിഡ്ഢിയാണ്. അവസരങ്ങൾ ഇല്ലെന്ന് പറയുന്നവൻ പരമവിഡ്ഢിയാണ്. നമ്മളെ തേടിയെത്തുന്ന അവസരങ്ങളെ കാണാതെ നമ്മൾ അവസരങ്ങളെ തേടിപ്പോകുന്നവരാകുക. തീർച്ചയായും അവനായിരിക്കും വിജയിക്കുക.ജീവിതത്തിലെപ്പോഴും 'Average' കാരനാണ് വിജയിക്കുക "Average will become success". റാങ്ക് നേടുന്നവരും ഫസ്റ്റ് ക്ലാസുകാരനുമല്ല പലപ്പോഴും ജീവിതത്തിൽ ഉയരുക. 210 മാർക്കുവാങ്ങിയവനായിരിക്കും അല്ലെങ്കിൽ Grading system ത്തിൽ last grade കാരനായിരിക്കും ഉയരുക. അതിനായി നമുക്ക് എന്തു ചെയ്യുവാനായിട്ട് സാധിക്കും? 'Always comb your hair' എന്ന phrase പ്രസക്തമാണ്. അതായത് എല്ലാം അടുക്കും ചിട്ടയിലും ചെയ്യുക. പഠനം, ജോലി, അച്ചടക്കം, ദിനചര്യകൾ ഇതെല്ലാം... 2010 ഏറ്റവും സന്തോഷദായകമായി, ഐശ്വര്യപ്രദമായി തീരട്ടെയെന്നാശംസിക്കുന്നു.



**നാളേയ്ക്കുവേണ്ടിയുള്ള ഒന്നാമത്തെ തയ്യാറെടുപ്പ് ഇന്നത്തെ ജോലി നന്നായിചെയ്യുകയാണ്**
**(സർ വില്യം ഓസ്‌ലർ)**

കുടുംബവേദി

# അയാൾ പൊറുത്തില്ല; അവൾ മറന്നുമില്ല

ഫാ. സിറിയക് കോട്ടയിൽ
ഫാമിലി അപ്പോസ്തോലേറ്റ്
ചങ്ങനാശ്ശേരി

അയാളുടെ മനസ്സിലെ അഗ്നി ഇനിയും അണഞ്ഞിട്ടില്ല. ധ്യാനങ്ങൾ പലതു കൂടി. കൗൺസിലിങ്ങും ഏറെ നടത്തി. അവളുടെ കുഴിമാടത്തിങ്കൽ മുട്ടുകുത്തി അയാൾ അവളോട് എത്രയോ തവണ മാപ്പു ചോദിച്ചിരിക്കുന്നു. ഇങ്ങനെയൊക്കെയാണങ്കിലും ആ മനസ്സിലെ അഗ്നി ഇനിയും അണഞ്ഞിട്ടില്ല.

"ഡാഡീ"

ഇളയവൾ അനു ഓടിവന്ന് അയാളുടെ മടിയിലിരുന്നു. എൽ.കെ.ജി.യിൽ അവൾ പോകാൻ തുടങ്ങിയിട്ട് നാലുനാളേ ആയിട്ടുള്ളു. മക്കൾ മൂന്നു പേരാണ്. മൂത്തവൻ സോജി ആറാം ക്ലാസ്സിലും, മൂത്തവൾ അഞ്ജു മൂന്നാം ക്ലാസ്സിലും പഠിക്കുന്നു. രണ്ടുവർഷം മുമ്പാണ് അവളുടെ മരണം നടന്നത്. അപകടമരണമായിരുന്നില്ല. ആത്മഹത്യയായിരുന്നു. അയാൾ സാധാരണ മദ്യപിക്കാറില്ല; അന്നെന്തോ അങ്ങനെ സംഭവിച്ചു. സംസാരവും ഇത്തിരി അതിരുകടന്നുപോയി. അരിശപ്പെടുകയും അവളെ തല്ലുകയും ചെയ്തു. ആഹാരം കഴിക്കാതെയും മിണ്ടാട്ടമില്ലാതെയും പിറ്റേന്ന് പകൽ മുഴുവൻ അവൻ കഴിച്ചുകൂട്ടി. ക്ഷമ ചോദിക്കാനോ അവളോടൊന്നു സംസാരിക്കാനോ അയാളും തയ്യാറായില്ല. ഓഫീസിലെ മീറ്റിങ്ങ് കഴിഞ്ഞ് സെൽഫോണിലെ മിസ്ഡ്കോൾ നോക്കിയപ്പോൾ വീട്ടിലെ നമ്പറിൽനിന്ന് പല തവണ വിളിച്ചിരിക്കുന്നു. വീട്ടിലേക്ക് തിരിച്ചു വിളിച്ചപ്പോഴാണ് കാര്യം അറിയുന്നത്. അവൾക്ക് ജീവിതം അവസാനിപ്പിക്കാൻ അല്പം വിഷം മാത്രമേ വേണ്ടിവന്നുള്ളൂ. അയാൾ ഇപ്പോഴും പറക്കമുറ്റാത്ത തന്റെ കുഞ്ഞുങ്ങളുമായി ജീവിതം തള്ളിനീക്കുകയാണ്.



അരുതാത്തതു ചെയ്യുക; അരുതാത്തവ പറയുക ഇവയൊക്കെ ഒരുവനെ കൊണ്ടുചെന്നെത്തി

> ഓരോ ദിവസവും മുറിവേറ്റ മനസ്സുമായി ഇരുവരും ഒന്നുചേരുമ്പോൾ സ്നേഹത്തിന്റെ ഔഷധം പരസ്പരം പകർന്നു നൽകി സൗഖ്യം പകരാൻ ഇരുവർക്കുമാകണം.

ക്കുന്നത് അപകടത്തിലേക്കാണ്. അരുതാത്തതു ചെയ്താലും അരുതാത്തവ പറഞ്ഞാലും ഭാര്യാഭർത്താക്കന്മാർ തമ്മിൽ അനുദിനം അനുരഞ്ജനം സംഭവിക്കേണ്ടതാണ്. അക്കാര്യത്തിൽ കാലതാമസം വന്നാൽ അപ്രതീക്ഷിതമായി പലതും അവരുടെ ജീവിതത്തിൽ സംഭവിച്ചെന്നുവരും. ഈയൊരു ബന്ധത്തിൽ മാത്രമാണ് ദൈവം ഇരുവരെയും മുഴുവനായും അന്യോന്യം അധികാരപ്പെടുത്തിക്കൊടുക്കുന്നത്. ഈ അധികാരപ്പെടുത്തൽ 'അധികാരം' അന്യോന്യം പ്രയോഗിക്കാനല്ല. പിന്നെയോ അധികാരഗർവ്വ് ഉപേക്ഷിച്ച് അധീനപ്പെടാനാണ്. ഇത് ഇരുവരെയും നയിക്കേണ്ടത് എളിമയിലേക്കും വിധേയപ്പെടലിലേക്കുമാണ്. ഇതിന് ഇരുവരേയും ഉത്തേജിപ്പിക്കുന്നത് മിശിഹായോടുള്ള സ്നേഹമാണ് (എഫേ. 5:21).

ഒന്നു താഴാനും ക്ഷമ ചോദിക്കാനും വിട്ടുവീഴ്ചയോടെ അനുരഞ്ജനപ്പെടാനും ഭാര്യാഭർത്താക്കന്മാർക്ക് കഴിയാതെപോകുമ്പോൾ കുടുംബത്തിൽ വന്നുഭവിക്കുന്ന അപകടങ്ങൾ എത്ര വലുതാണെന്നു നോക്കൂ. അതുമൂലം മക്കൾക്ക് നഷ്ടമാകുന്നത് അവരുടെ മാതാപിതാക്കളെത്തന്നെയല്ലേ? ഇത്തരം സന്ദർഭങ്ങൾ ഇരുവരും ഒന്നെളിമപ്പെട്ടാൽ ഒഴിവാക്കാവുന്നവയല്ലേ?

അന്യോന്യം അനുദിനം സൗഖ്യം നൽകാൻ ദൈവം കൂട്ടിച്ചേർത്ത ബന്ധമാണ് ഭാര്യാഭർത്താക്കന്മാരുടേത്. ഓരോ ദിവസവും മുറിവേറ്റ മനസ്സുമായി ഇരുവരും ഒന്നുചേരുമ്പോൾ സ്നേഹത്തിന്റെ ഔഷധം പരസ്പരം പകർന്നു നൽകി സൗഖ്യം പകരാൻ ഇരുവർക്കുമാകണം. ഭാര്യാഭർത്താക്കന്മാർ അന്യോന്യം സൗഖ്യാനുഭവം പകർന്നുനൽകാൻ ദൈവത്താൽ കൂട്ടിച്ചേർക്കപ്പെട്ടവരാണ് എന്ന കാര്യം ഒരിക്കലും മറന്നുപോകരുത്.

അന്യോന്യം അന്യരായി കാണാതെ സ്വന്തമെന്ന് കാണാൻ കഴിഞ്ഞാലേ ഈ സൗഖ്യാനുഭവം പകർന്നുനൽകാൻ ഇരുവർക്കും കഴിയൂ. അതിന് സാധിക്കണമെങ്കിൽ ജീവിതത്തിലുടനീളം മഹാവൈദ്യനായ ഈശോയിൽനിന്ന് വചനൗഷധം നുകരാൻ ഇരുവർക്കുമാകണം.

ഇങ്ങനെയൊക്കെയാണെങ്കിലും 'വെട്ടൊന്ന് മുറി രണ്ട്' എന്ന വിധത്തിൽ ജീവിതം അവസാനിപ്പിക്കുന്നത് ഒരിക്കലും ന്യായീകരിക്കാനാവുകയില്ല. ഓർക്കുക, ജീവൻ ദൈവത്തിന്റെ അവകാശമാണ്. അതിൻമേൽ കൈവെയ്ക്കാൻ മറ്റാർക്കും അവകാശമില്ല. മനുഷ്യരെല്ലാം നമ്മെ വെറുക്കുമ്പോഴും നമ്മെ സ്നേഹിക്കാൻ ഒരു ദൈവമുണ്ടെന്ന സത്യം നാം ഓർക്കുകയും വേണം.



> പരസ്പര ബഹുമാനവും പങ്കുവച്ച ഉത്തരവാദിത്വവും അന്യോന്യം വിശ്വാസമുള്ള അംഗങ്ങളും നല്ല കുടുംബം സൃഷ്ടിക്കുന്നു
> (ജോർജ്ജ് അല്ലൻ)

ആദ്ധ്യാത്മിക ചിന്തകൾ

# ദൈവജനം:

## വാഗ്ദാനങ്ങളുടെയും പ്രതീക്ഷയുടേയും രക്ഷയുടേയും വാഹകർ



**റോസമ്മ കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്തമമാക്കും. അങ്ങനെ നീ ഒരു അനുഗ്രഹമായിരിക്കും" (ഉൽപ. 12:2)

ഇത് ദൈവം അബ്രാഹത്തോടു ചെയ്ത വാഗ്ദാനമാണ്. ദൈവത്തിന്റെ ഈ വാഗ്ദാനം സഫലമായി കാണുന്നതിന് അബ്രാഹത്തിന് നീണ്ട വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. മാത്രമല്ല, തന്റെ ഏകമകനെപ്പോലും ബലികഴിക്കുവാൻ ദൈവം അബ്രാഹത്തോട് ആവശ്യപ്പെടുന്നു. അബ്രാഹം അതിനും തയ്യാറായി. ദൈവത്തിലുള്ള അദ്ദേഹത്തിന്റെ പ്രത്യാശ അത്രമാത്രം ശക്തമാണ്. അദ്ദേഹത്തിന്റെ പ്രതീക്ഷയുടെ മാഹാത്മ്യം അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ മാഹാത്മ്യത്താൽ അളക്കപ്പെട്ടതാണ്.

അബ്രാഹം തന്റെ സ്രഷ്ടാവിൽ - അവിടുത്തെ അചഞ്ചലസ്നേഹത്തിൽ, വാഗ്ദാനത്തിൽ - വിശ്വാസമർപ്പിച്ചു. ദൈവഹിതത്തിന് തന്നെത്തന്നെ പൂർണ്ണമായി അർപ്പിച്ചു. അദ്ദേഹം അനുസരണയുടെയും വിശ്വാസത്തിന്റേയും, അതുകൊണ്ടുതന്നെ പ്രതീക്ഷയുടെയും മനുഷ്യനാണ്. നാടും വീടും ബന്ധുജനങ്ങളേയും ഉപേക്ഷിച്ച് താൻ കാണിച്ചുകൊടുക്കുന്ന ദേശത്തേക്ക് പോകുവാൻ ദൈവം അബ്രാഹത്തോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം അത് അനുസരിച്ചു. അനുസരണം സ്നേഹത്തിന്റെയും വിശ്വാസത്തിന്റേയും പ്രതീക്ഷയുടേയും പ്രവൃത്തിയാണ്.

**ദൈവത്തിന് നമ്മോടുള്ള സ്നേഹം നാം മനസ്സിലാക്കണം. അത് അനുഭവിക്കണം. ഈശോമിശിഹായിലൂടെ പിതാവായ**

**ദൈവത്തിന്റെ സ്നേഹം നമുക്ക് അനുഭവവേദ്യമായി. ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിൽ വിശ്വസിക്കുന്നതിനാലാണ് നാം പ്രത്യാശ ഉള്ളവരായിരിക്കുന്നത്.**




ദൈവഹിതം നിറവേറ്റുന്നതിനായി മനുഷ്യനായി അവതരിച്ച് നമ്മോടൊത്തു ജീവിച്ച ഈശോയ്ക്ക് ഏതെല്ലാം വിധത്തിലുള്ള സഹനങ്ങളും ബുദ്ധിമുട്ടുകളും നേരിടേണ്ടിവന്നു!! അവയെല്ലാം ഈശോ ശാന്തതയോടെ നേരിട്ടതിന്റെ പിന്നിലുള്ള രഹസ്യം തന്റെ പിതാവിന്റെ സ്നേഹത്തിലുള്ള വിശ്വാസമായിരുന്നു.

പ്രത്യാശയുള്ളവരാണ് ദൈവത്തിന്റെ മുമ്പിൽ ആത്മാർത്ഥതയോടെ, സത്യസന്ധതയോടെ ജീവിക്കുന്നത്. അവർക്ക് ദൈവത്തിൽനിന്നും ഒന്നും മറച്ചുവയ്ക്കാനില്ല. ആത്മാർത്ഥതയോടെ ഇടപെടുന്നവരോടേ ദൈവം സംഭാഷിക്കുകയുള്ളൂ. ബന്ധിതനായി തന്റെ മുമ്പിൽ ഹാജരാക്കപ്പെട്ട ഈശോയോട് ഹേറോദേസ് പലതും ചോദിച്ചുവെങ്കിലും അവിടുന്ന് ഒരു വാക്കുപോലും ഉരിയാടിയില്ല. അശുദ്ധനായവന്റെ മുമ്പിൽ പരിശുദ്ധനായവൻ നിശബ്ദനാകുന്നു!!

മനുഷ്യന്റെ വ്യഗ്രത മറ്റു മനുഷ്യരേയും അധികാരികളേയും പ്രീതിപ്പെടുത്തുന്നതിലാണ്. ദൈവത്തെ പ്രീതിപ്പെടുത്തണമെന്നത് ഒരു പ്രശ്നമായി അവൻ കരുതുന്നതേയില്ല. താൽക്കാലിക നേട്ടങ്ങളാണ് അവന് പ്രധാനം. തന്മൂലം മനുഷ്യപ്രീതിക്ക് അവൻ കൂടുതൽ വില കല്പിക്കുന്നു. ഇതുവഴി തനിക്ക് നഷ്ടമാകുന്നത് അനശ്വരമായ നേട്ടമാണെന്നത് അവൻ വിസ്മരിക്കുന്നു. ആദിമാതാപിതാക്കൾ തെറ്റു ചെയ്തുകഴിഞ്ഞപ്പോൾ ദൈവത്തിന്റെ മുമ്പിൽ പരമാർത്ഥതയോടെ തങ്ങളുടെ ഹൃദയം തുറക്കേണ്ടതിനു പകരം തങ്ങളുടെ പാപത്തിന്റെ ഉത്തരവാദിത്വം മറ്റുള്ളവരിൽ ആരോപിച്ചുകൊണ്ട് തങ്ങളെത്തന്നെ നീതീകരിക്കുകയാണ് ചെയ്തത്. സ്വയം നീതീകരിക്കുന്നവന്റെ മുമ്പിൽ ദൈവം നിശബ്ദനാകുന്നു. രക്ഷയുടെ കവാടങ്ങൾ അവൻതന്നെ അടയ്ക്കുന്നു. ആദിമാതാപിതാക്കളുടെ ഈ കുറ്റാരോപണവും നീതീകരണവും വിമർശനവുമെല്ലാം ഇന്നും നമ്മിലോരോരുത്തരിലും കൂടുതൽ വളരുന്നുണ്ടെന്നത് മറക്കേണ്ട. ഇങ്ങനെയുള്ള കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും വളർച്ചയുണ്ടാവുകയില്ല. എന്തെന്നാൽ ദൈവകൃപയുടെ പ്രവാഹത്തെ ഇവ തടസ്സപ്പെടുത്തുന്നു.

ഇസ്രായേൽ ജനത കാനാൻദേശം പ്രതീക്ഷിച്ചുകൊണ്ട് മരുഭൂമിയിലൂടെ യാത്ര ചെയ്തു. അതുപോലെ, പുതിയനിയമ ജനതയായ നാം നിത്യജീവൻ പ്രത്യാശ വച്ചുകൊണ്ട് ഈ ലോകമാകുന്ന മരുഭൂമിയിലൂടെ യാത്ര ചെയ്യേണ്ടവരാണ്. ഈ പ്രത്യാശയെ നശിപ്പിക്കുന്ന വിധത്തിലുള്ള നമ്മിലെ പ്രവണതകളെ പിഴുതുകളയാം. നമ്മുടെ ഹൃദയത്തെ പരിശുദ്ധമായി കാത്തുസൂക്ഷിക്കാം. ദൈവതിരുമുമ്പിലായിരിക്കുന്ന നിമിഷങ്ങളിൽ ഹൃദയം അവിടുത്തെ മുമ്പിൽ തുറന്നുവയ്ക്കാം. സഭ നമുക്കായി നല്കുന്ന പാപസങ്കീർത്തന കൂദാശയെ സമീപിച്ച് തെറ്റും കുറവുകളും ഏറ്റുപറഞ്ഞ് ഹൃദയം പരിശുദ്ധമാക്കാം. പ്രത്യാശയുടെ മക്കളായി ജീവിക്കാം. അങ്ങനെ നമുക്കു ജീവിതം അനുഗ്രഹമായി ഭവിക്കുന്നതിലൂടെ മറ്റുള്ളവർക്ക് നാം അനുഗ്രഹമായിത്തീരുകയും ചെയ്യും.






# കീറിയ ക്രിസ്തുമസ്




ഫാ.ഷിബു പുളിക്കൽ
കല്യാൺ

ഇടവകപള്ളിയിലെ യുവജനങ്ങളെല്ലാവരും ഒരുമിച്ചുകൂടി ക്രിസ്തുമസിന് ഒരുക്കമായി നക്ഷത്രം ഉണ്ടാക്കുകയാണ്. നക്ഷത്രം ഉണ്ടാക്കി പള്ളിയിലെ കൊടിമരത്തിൽ കെട്ടിത്തൂക്കിയിട്ട് എല്ലാവരും ഭവനങ്ങളിലേക്കു തിരിച്ചുപോയി. സന്ധ്യയായപ്പോൾ ഒരു കാറ്റ് വീശി കൊടിമരത്തിൽ തട്ടി. നക്ഷത്രത്തിന്റെ പല ഭാഗങ്ങളും കീറിപ്പോയി. നക്ഷത്രത്തിനുള്ളിലെ ബൾബ് പുറത്തേക്കു നോക്കി പല്ലിളിച്ചു. ആരെയോ കളിയാക്കുന്നതുപോലെ... യുവാക്കൾ പാതിരാകുർബാനയ്ക്കായി തിരിച്ചുവന്നപ്പോൾ കീറിയ നക്ഷത്രം കണ്ടു. കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു പെൺകുട്ടി പറഞ്ഞു: "അയ്യോ ഇത് ഒരു കീറിയ ക്രിസ്തുമസ് ആയിപ്പോയല്ലോ".

കീറിയ ക്രിസ്തുമസ്... ഇന്നു പലപ്പോഴും ക്രിസ്തുമസ് കീറിയതായിപോകാറുണ്ട്. 'ഞാനാണോ എന്റെ സഹോദരന്റെ കാവൽക്കാരൻ' എന്നു ചോദിക്കുന്ന കായേന്മാരുണ്ടാകുമ്പോൾ, സഹോദരന്റെ വളർച്ചയിൽ അസൂയ പൂണ്ട് അവനെ പൊട്ടക്കിണറ്റിൽ തള്ളിയിടുന്ന സഹോദരന്മാർ ഉണ്ടാകുമ്പോൾ ക്രിസ്തുമസ് കീറിയതായി മാറുന്നു. പെറ്റമ്മയെ അനാഥാലയത്തിന്റെ ചുവരുകൾക്കുള്ളിൽ ഒതുക്കുമ്പോൾ, അനാവശ്യമായി ഭാര്യയെ ഭർത്താവും, ഭർത്താവിനെ ഭാര്യയും സംശയിക്കുമ്പോൾ കീറിയ ക്രിസ്തുമസാണ് നിങ്ങൾ ആഘോഷിക്കുക.

ദൈവത്തിന്റെ സ്നേഹം കരകവിഞ്ഞൊഴുകിയതാണ് ക്രിസ്തുമസ്. ഒരു പുഴയിലെ രണ്ടു മത്സ്യങ്ങൾ സുഹൃത്തുക്കളായിരുന്നു. ഒരിക്കൽ ആരോ അവരെ ഇങ്ങനെ പറഞ്ഞു പറ്റിച്ചു. വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഈ പുഴ വറ്റിപ്പോകും. അതുകൊണ്ട് ജീവൻ വേണമെന്നുണ്ടെങ്കിൽ അടുത്തുള്ള പൊട്ടക്കിണറ്റിലേക്കു ചാടുക. കേട്ട പാതി കേൾക്കാത്ത പാതി മൽസ്യങ്ങൾ രണ്ടും കുറച്ചു വെള്ളം മാത്രമുള്ള പൊട്ടക്കിണറ്റിലേക്കു ചാടി. രണ്ടു ദിവസം കഴിഞ്ഞു. പുഴ വറ്റിയില്ല. എന്നാൽ കിണർ വറ്റാൻ തുടങ്ങി. പ്രാണവായുവിനുവേണ്ടി മൽസ്യങ്ങൾ പാടുപെട്ടു. രക്ഷയ്ക്കായി മൽസ്യങ്ങൾ കരയാൻ തുടങ്ങി. തന്റെ കൂട്ടത്തിലുണ്ടായിരുന്ന മൽസ്യങ്ങളുടെ കരച്ചിൽ പുഴ കേട്ടു. പുഴയുടെ മനസ്സലിഞ്ഞു. പുഴ കരകവിഞ്ഞൊഴുകാൻ തുടങ്ങി. പുഴ കവിഞ്ഞൊഴുകിയപ്പോൾ പൊട്ടക്കിണർ നിറഞ്ഞു. മൽസ്യങ്ങൾ വീണ്ടും പുഴയിലേക്കു വന്നു.





ജെറമിയാ പ്രവാചകനിലൂടെ ദൈവം പറഞ്ഞു: "എന്റെ ജനം രണ്ടു തിന്മകൾ ചെയ്തു. ഒന്ന് ജലമില്ലാത്ത പൊട്ടക്കിണറുകൾ അവർ തേടി, ജീവജലത്തിന്റെ ഉറവിടമായ എന്നെ അവർ മറന്നുകളഞ്ഞു".

ദൈവത്തെ മറക്കുമ്പോൾ സഹോദരനെ മറക്കുന്നു. അപ്പോൾ നമ്മുടെ ക്രിസ്തുമസ് കീറിയതാകുന്നു. ക്രിസ്തുമസ് രാത്രിയിൽ ആരോ ഇങ്ങനെ പാടിയതുപോലെ "വിളിക്കപ്പെട്ട ഞാൻ വിണ്ണോളം ഉയർന്നുനിൽക്കുവാൻ ശ്രമിക്കുന്നു, വിളിച്ചവൻ മണ്ണോളം താണിറങ്ങി നിൽക്കുമ്പോൾ."

"അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16).



# സന്മനസ്സോടെ കൊടുത്ത് കൊടുത്ത്...

മേഴ്സി വെട്ടിക്കുഴക്കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്

രോഗബാധിതയായ അമ്മച്ചി, ആശുപത്രിയിൽ തന്റെ മരണത്തിന്റെ തൊട്ടടുത്ത ദിനത്തിൽ അതുവരെ തനിക്കു സ്വന്തമായിരുന്ന, താൻ ധരിച്ചിരുന്ന ആഭരണങ്ങളൊക്കെ ഊരിക്കൊടുക്കുവാനുള്ള ശ്രമത്തിലാണ്. "ഇതൊക്കെ ആർക്കെങ്കിലും കൊടുത്തേരെ-ഞാൻ പോവുകയല്ലേ" എന്നായിരുന്നു ആ വൃദ്ധമാതാവിന് പറയുവാനുണ്ടായിരുന്നത്. രോഗകാരണത്താൽ ആഹാരംപോലും ഇറക്കാനാവാതെ വിശന്നുപൊരിയുന്ന വേളയിലും - കാണാനായി എത്തുന്നവർക്ക് "അവർക്ക് വല്ലതും കഴിക്കാൻ കൊടുത്തോ" എന്നു മാത്രമേ ആ അമ്മയ്ക്കു ചോദിക്കുവാനുണ്ടായിരുന്നുള്ളു. ജീവിതമത്രയും സ്വന്തമായവ മുഴുവൻ പങ്കുവച്ച ആ അമ്മയ്ക്ക് ജീവിതസായാഹ്നത്തിൽ തന്റെ മരണക്കിടക്കയിലും മറ്റുള്ളവർക്ക് 'കൊടുക്കുക' എന്ന തന്റെ തീക്ഷ്ണമായ ആഗ്രഹം നഷ്ടമായില്ല. ഇത് ഈ ലോകത്തിൽ സ്നേഹിച്ച് ജീവിച്ചു കടന്നുപോയ ഒരു അമ്മയുടെ സന്മനസ്സിന്റെ ചിത്രം!

മനുഷ്യകുലത്തെ മുഴുവൻ സ്നേഹിക്കുന്ന സ്വർഗീയ അപ്പച്ചന്റെ കൊടുക്കലിന്റെ പൂർണ്ണരൂപം ബത്ലഹേമിലെ കാലിത്തൊഴുത്തിൽ അന്ന് ദൃശ്യമായി! മനുഷ്യരൂപം പൂണ്ട ദൈവപുത്രൻ!! സ്വർഗീയപിതാവിന്റെ സത്തയുടെ പ്രതിച്ഛായ!!! താൻ സ്നേഹിച്ച ലോകത്തിന്, മനുഷ്യകുലത്തിന് നല്കുവാൻ ***ഇതിലുപരിയായി അവിടുത്തേക്ക് മറ്റൊന്നില്ലായിരുന്നു.*** ഇതിലപ്പുറമായി ലോകത്തിന് - നമുക്ക് മറ്റെന്താണ് വേണ്ടത്? "തന്റെ ഏക ജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രയധികമായി സ്നേഹിച്ചു" (യോഹ 3:16). "അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു" (ഫിലി 2:5-7). ദൈവപിതാവിന്റെ സന്മനസ്സിന്റെ, കൊടുക്കലിന്റെ പൂർണ്ണരൂപം മിശിഹായിൽ പൂർത്തിയാകുന്നു.

പരി. അമ്മയുടെ ഉദരത്തിൽ ഉരുവായ നിമിഷംമുതൽ മനുഷ്യത്വത്തിൽ ആരംഭിച്ച അവിടുത്തെ കൊടുക്കലിന്റെ ഭാവം കാലിത്തൊഴുത്തിലെ കൊടുംതണുപ്പിലോ, കാൽവരിയിൽ വേദനയുടെ കൂരിരുളിലോ അവസാനിക്കുന്നതായിരുന്നില്ല. ***ഈ ലോകത്തോളം വിശാലമായ അവന്റെ ഹൃദയത്തിന്റെ ജ്വലിക്കുന്ന സ്നേഹം അപ്പത്തോളം ചുരുങ്ങാൻ തക്കവിധം പ്രാപ്തമായിരുന്നു.*** മനുഷ്യമക്കളോടുകൂടെ എന്നും ആയിരിക്കുവാൻ ആഗ്രഹിക്കുന്ന അവിടുത്തേക്ക് ഒരിയ്ക്കലും പരാതിയോ, ക്ഷീണമോ, തളർച്ചയോ, മടുപ്പോ, ഉറക്കമോ ഒന്നുമില്ല. വചനമായി, അപ്പമായി, ആത്മാവായി, ജീവനായി സദാസമയം 'കൊടുക്ക'ലിന്റെ ഒരു അനുസ്യൂതമായ പ്രവാഹം!.




ആധുനികലോകം പുരോഗതിയിൽനിന്ന് പുരോഗതിയിലേക്ക് കുതിച്ചുയരുമ്പോൾ മനുഷ്യഹൃദയങ്ങളിലോ സ്വാർത്ഥതയുടെ പുകച്ചുരുളുകൾ ഉയരുന്നു. നിറയുന്നു. പാപത്തിന്റെ കരിനിഴൽ വീണ മാനവഹൃത്തിൽ സങ്കുചിതത്വത്തിന്റെ മരവിപ്പ് ബാധിച്ചിരിക്കുന്നു. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ അത്ഭുതാവഹങ്ങളായ നേട്ടങ്ങൾ ആവോളം കൊയ്തുകൂട്ടുവാൻ, സമ്പത്തും സുഖസൗകര്യങ്ങളും വേണ്ടുവോളം നേടിയെടുക്കുവാൻ, ഉന്നതപദവികളും സ്ഥാനമാനങ്ങളും കരസ്ഥമാക്കുവാൻ, അധികാര കസേരകൾ സ്വന്തമാക്കുവാൻ, അംഗീകാരവും പ്രോത്സാഹനങ്ങളും പിടിച്ചുപറ്റാൻ നെട്ടോട്ടമോടുന്ന ആധുനിക തലമുറ! താല്ക്കാലികങ്ങളായവ സ്വായത്തമാക്കുവാനായി രക്തബന്ധങ്ങൾക്കുപോലും വില കല്പിക്കാതെ ഏതുതരം മ്ലേച്ഛകൃത്യങ്ങൾക്കും കൂട്ടുനിൽക്കുവാൻ മടി കാട്ടാത്തവർ! പലതും സ്വരുക്കൂട്ടുവാനായി തിരക്കുപിടിച്ച് ഓടുന്ന മനുഷ്യന് ഇന്ന് നഷ്ടമായിരിക്കുന്നത് "കൊടുക്കുവാനുള്ള സന്മനസ്സാണ്".

പ്രപഞ്ചസ്രഷ്ടാവിന്റെ കൊടുക്കലിന്റെ തുടർച്ച ഇന്നും സൃഷ്ടികളിലൂടെ ആവർത്തിക്കപ്പെടുകയല്ലേ. അതിനാലാണ് സങ്കീർത്തകൻ പറയുക: "ആകാശം ദൈവമഹത്ത്വം പ്രകീർത്തിക്കുന്നു; നഭോമണ്ഡലം അവിടുത്തെ കരവിരുത് ഉദ്ഘോഷിക്കുന്നു"എന്ന് (സങ്കീ 19:1). നവജാതശിശുപോലും തന്റെ തേനൂറും പുഞ്ചിരി ലോകത്തിനു സമ്മാനിക്കുമ്പോൾ വയലിലെ ലില്ലിപ്പൂവിനുമുണ്ട് അതിന്റേതായ മനോഹാരിത ഈ ലോകത്തിനു നല്കുവാൻ.

മാമ്മോദീസായിലൂടെ ദൈവമക്കളുടെ പദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്ന ഓരോ ക്രൈസ്തവനും തന്റെ ജീവിതത്തിലൂടെ ഈ കൊടുക്കൽ പ്രക്രിയ തുടരേണ്ടിയിരിക്കുന്നു. ദൈവത്തിനും മനുഷ്യനും അർഹമായത് കൊടുക്കുവാൻ നാം ബാധ്യസ്ഥരാണ്. കാരണം ദൈവം നമ്മുടെ പിതാവെങ്കിൽ ഓരോ മനുഷ്യനും നമ്മുടെ സഹോദരനാണ്. എന്നാൽ സത്യക്രിസ്ത്യാനികൾ എന്ന് അഭിമാനിക്കുന്നവരിൽ പലരും ഞായറാഴ്ചകളിൽപോലും ദിവ്യബലിയിൽ ആദ്യന്തം പങ്കുചേരുന്നതിൽ വിമുഖത കാട്ടുന്നു. ദിവ്യബലിയുടെ സമയദൈർഘ്യത്തെപ്പറ്റിയുള്ള പരാതിയാണ് പലരിൽനിന്നും ഉയരുന്നത്. ഇടവകയിലെ കുടുംബകൂട്ടായ്മകളിൽ സംബന്ധിക്കുവാൻ സമയമില്ല; ഭക്തസംഘടനകളിൽ പ്രവർത്തിക്കുവാൻ താല്പര്യമില്ല. "ഓ...ഇതിനൊക്കെ സമയം പാഴാക്കിയാൽ പ്രത്യേകിച്ച്



എന്തു കിട്ടാനാണ്" എന്നമനോഭാവമാണ് പലർക്കുമുള്ളത്. ഭൗതിക നേട്ടങ്ങൾ ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ പ്രയാണത്തിൽ കൂട്ടായ്മയ്ക്കും, പങ്കുവയ്ക്കലിനുമൊക്കെ യാതൊരു പ്രസക്തിയും ഇല്ലാതായിരിക്കുന്നു. നമുക്കു ലഭ്യമായിരിക്കുന്ന താലന്തുകൾ ഏറെ വിലയുള്ളതാണ്. ഒന്നും കുഴിച്ചുമൂടുവാനുള്ളതല്ല; മറിച്ച് അത് വർദ്ധിപ്പിക്കാനും മറ്റുള്ളവർക്കായി പങ്കുവയ്ക്കാനും ഉള്ളതാണ്. ലോകത്തിന്റേതായ താല്ക്കാലിക നേട്ടങ്ങളല്ല - പിന്നെയോ ***ആദിമക്രൈസ്തവരെപ്പോലെ കൊടുക്കാനും പങ്കുവയ്ക്കുവാനുമുള്ള സന്മനസ്സാണ്*** നാം നേടിയെടുക്കേണ്ടത്.

എന്തെങ്കിലും ഒക്കെ നമ്മുടെ പക്കൽ ഉണ്ടെങ്കിലല്ലേ മറ്റുള്ളവർക്ക് കൊടുക്കാനാവൂ എന്നുകൂടി നാം ഓർക്കേണ്ടതുണ്ട്. "ദാനമായി നല്ക




പ്പെടാത്തതായി നിങ്ങൾക്ക് എന്തുണ്ട്'' എന്നാണ് വി.പൗലോസ്ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നത്. ദൈവകരങ്ങളിൽനിന്നും എണ്ണമറ്റ കൃപകൾ സ്വീകരിക്കുന്നവരായ നാം നമ്മുടെ സഹായഹസ്തങ്ങൾ അപരനിലേക്കു നീട്ടിക്കൊടുക്കണം. നമ്മുടെ കണ്ണുകൾ മറ്റുള്ളവരുടെ ആവശ്യങ്ങളിലേക്കു തുറക്കണം. നമ്മുടെ ഹൃദയങ്ങൾ സഹോദരരെ ഉൾക്കൊള്ളത്തക്കവിധം വിശാലമാക്കണം. ''മിശിഹായുടെ സ്നേഹം എന്നെ നിർബന്ധിക്കുന്നു" എന്നാണല്ലോ പൗലോസ്ശ്ലീഹാ പറയുന്നത് (2 കൊറി 5:14).

ദൈവകരങ്ങളിൽനിന്നും എണ്ണമറ്റ കൃപകൾ സ്വീകരിക്കുന്നവരായ നാം നമ്മുടെ സഹായഹസ്തങ്ങൾ അപരനിലേക്കു നീട്ടിക്കൊടുക്കണം.നമ്മുടെ കണ്ണുകൾ മറ്റുള്ളവരുടെ ആവശ്യങ്ങളിലേക്കു തുറക്കണം.

***ദൈവസ്നേഹത്താൽ നിറയപ്പെട്ട ഹൃദയത്തിനു മാത്രമേ കൊടുക്കുന്നതിനുള്ള ആന്തരികതള്ളൽ അനുഭവപ്പെടുകയുള്ളു.*** "നന്മ ചെയ്യുന്നതിൽ നിങ്ങൾക്കു മടുപ്പു തോന്നാതിരിക്കട്ടെ"എന്നുള്ള ശ്ലീഹായുടെ ആഹ്വാനം നമുക്കും സ്വന്തമാക്കാം. യഥാർത്ഥമായ കൊടുക്കലിന്, സ്നേഹപൂർവ്വമായ പങ്കുവയ്ക്കലിന് ത്യാഗം ഏറെ ആവശ്യമായി വരും. മറ്റുള്ളവരുടെ നേർക്ക് കരുതലിന്റെ, കാരുണ്യത്തിന്റെ, പരിഗണനയുടെ ഒരു നോട്ടമാകാം; വാത്സല്യത്തിന്റെയും സ്നേഹത്തിന്റെയും മനസ്സിലാക്കലിന്റെയും ഒരു ചെറുപുഞ്ചിരിയാകാം ഇതൊക്കെ സമ്മാനിക്കുന്നതിൽ നാം എന്തിനു മടി വിചാരിക്കുന്നു?... സഹായം അർഹിക്കുന്നവരോട്, ഉപകാരം ചോദിക്കുന്നവരോട് ഒരിക്കലും 'നോ' എന്ന മറുപടി നമ്മിൽനിന്നും ഉണ്ടാകാതിരിക്കട്ടെ. നമ്മിലെ കൊച്ചുകൊച്ചു ക്ഷീണങ്ങളും, സ്വന്തമായ താല്പര്യങ്ങളും, 'ഞാൻ' എന്ന ഭാവവും, ഉള്ളിലെ സ്വാർത്ഥമോഹങ്ങളും വിട്ടുപേക്ഷിച്ചാൽ ദിവ്യരക്ഷകന്റെ ജനനവേളയിൽ സ്വർഗീയവൃന്ദങ്ങൾ നിരചേർന്ന് ആലപിച്ച സ്തുതിഗീതം ***"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം"*** എന്ന ഈരടികൾ നമ്മെ സംബന്ധിച്ചും അന്വർത്ഥമാകും. രക്ഷകനായ ഈശോ ലോകത്തിനു സമ്മാനിച്ച 'സമാധാനം' നമ്മുടെ ഹൃദയാന്തരങ്ങളിൽ എന്നെന്നും സ്പന്ദിക്കുന്നതിനായി സന്മനസ്സോടെ കൊടുക്കുന്നവരായി വർത്തിക്കാം.




"ഓരോരുത്തരും മറ്റുള്ളവർക്ക് ഒരു ദാനമായി ത്തീരണം. സ്വീകരണത്തിന്റെയും ക്ഷമയുടെയും കൂട്ടായ്മയുടെയും പങ്കുവെയ്ക്കലിന്റെയും കാരുണ്യത്തിന്റേതുമായ ഒരു ദാനം"

ബിഷപ് വില്യം ജക്വീന്ത



അനുഭവം



# തണൽ മരത്തിലെ ചെറിപ്പൂവ്

സബീഷ് നെടുംപറമ്പിൽ
സെന്റ്മേരീസ് ജി.എച്ച്.എസ്
അതിരമ്പുഴ

"ഇരുപത്തി ഏഴാം തീയതി മമ്മിയുടെ കല്യാണമാണ്". വിതുമ്പിക്കൊണ്ട് ആറാംക്ലാസിലെ ഹെപ്പർ ആക്ടീവ് ചെറി സ്നേഹ മാത്യു എന്നോട് സംസാരിച്ചുതുടങ്ങി.

വാതോരാതെ സംസാരിക്കുന്ന ചെറിയെ എനിക്ക് ഏറെ ഇഷ്ടമാണ്. അവളുടെ കൗശലവും കുസൃതിയും പലപ്പോഴും ക്ലാസ് ലൈവ് ആക്കാൻ എന്നെ സഹായിച്ചിട്ടുണ്ട്. ക്രിസ്തുമസ് പരീക്ഷയുടെ ടെൻഷനിൽ ഡിസംബർ ആദ്യവാരം മിന്നൽവേഗത്തിൽ അധ്യാപനം പുരോഗമിക്കുമ്പോഴാണ് അവളിൽ ഗുണകരമല്ലാത്ത മൗനം ഞാൻ കണ്ടുതുടങ്ങിയത്. മൂന്നാം ദിവസം ആ കാര്യം ഞാൻ അവളോട് ചോദിക്കുകതന്നെ ചെയ്തു. അപ്പോഴാണ് അവളുടെ മമ്മിയുടെ വിവാഹവാർത്ത ഞാൻ അറിയുന്നത്. ഉച്ചഭക്ഷണ സമയത്ത് അവളെ സ്റ്റാഫ് റൂമിലെത്തിച്ച് സിസ്റ്റർ ജ്യോതിയെ സമീപത്തിരുത്തി ഞാൻ സംസാരിച്ചുതുടങ്ങി. ആ കുഞ്ഞുമനസ്സ് അനുഭവിക്കുന്ന സംഘർഷങ്ങളുടെ മുഴുവൻ ശക്തിയും കണ്ണീരായി ഒലിച്ചിറങ്ങി.

ചെറിയുടെ മാതാപിതാക്കളായ മാത്യുവും സ്നേഹയും പ്രണയത്തിലൂടെ വിവാഹിതരായവരാണ്. അവർക്ക് മകളായി ചെറി മാത്രമേ ഉള്ളൂ. ചെറിയും മമ്മിയും മമ്മിവീട്ടിലാണ് താമസം. മാത്യുവും അച്ചമ്മയും ഒന്നിച്ച് കഴിയുന്നു. ചെറിയുടെ മമ്മിയും, ഡാഡിയും പിരിഞ്ഞ് താമസിക്കാൻ തുടങ്ങിയിട്ട് രണ്ടര വർഷമായി. വൈകുന്നേരം സ്കൂൾ വിടുമ്പോൾ (ചെറി ഓട്ടോയിൽ കയറുന്നതിനു മുമ്പ്) ബൈക്കിലെത്തി ചോക്ലേറ്റ് തരുന്ന ഡാഡിയെ അവൾക്ക് ഏറെ ഇഷ്ടമാണ്. വല്യപപ്പായോട് പറഞ്ഞ് എല്ലാ കാര്യവും സാധിച്ചുതരുന്ന മമ്മിയേയും അവൾക്ക് പ്രിയമാണ്. അവൾക്ക് രണ്ടാളും വേണം. പക്ഷേ, അതിന് ആരും സമ്മതിക്കില്ല.

ഒരിക്കൽ അവൾ അങ്ങനെ ഒരാഗ്രഹം പറഞ്ഞതിന് മമ്മി അവളെ തല്ലി. പിന്നെ, കെട്ടിപ്പിടിച്ച് കരഞ്ഞു. മറ്റൊരിക്കൽ ഡാഡിയോട് ഇക്കാര്യങ്ങൾ പറഞ്ഞപ്പോൾ "അതൊന്നും മോൾക്ക് പറഞ്ഞാൽ മനസ്സിലാവില്ല"എന്ന് പറഞ്ഞു. എന്നിട്ട് കണ്ണിൽ പൊടിപോയി എന്നു പറഞ്ഞ് കണ്ണ് തുടച്ചു.

ഇപ്പോഴുള്ള അവളുടെ സംഘർഷം തുടങ്ങുന്നത് ഇട

സമാധാനത്തിന്റെയും വിട്ടുവീഴ്ചമനോഭാവത്തിന്റെയും തിരുപ്പിറവി എന്നും നിങ്ങൾക്കൊപ്പം ഉണ്ടാവട്ടെ എന്ന് ഞങ്ങൾ ആശംസിച്ചു.




വക പെരുന്നാളിന് അങ്കിളുമാർ എല്ലാം വീട്ടിൽ വന്നപ്പോൾ വല്യങ്കിൾ മമ്മിയുടെ കല്യാണക്കാര്യം പറഞ്ഞതു മുതലാണ്. വല്യപപ്പ അത് അംഗീകരിച്ചു. അതിന്റെ പേരിൽ വല്യാന്റിയുമായി ചെറിയുടെ മമ്മി വഴക്കുണ്ടാക്കി.

കഴിഞ്ഞ ഞായറാഴ്ച സൺഡേസ്കൂൾ കഴിഞ്ഞ് വരുമ്പോൾ ചെറിയോട് സംസാരിച്ച അങ്കിൾ, ഇരുപത്തിയേഴാം തീയതി മമ്മിയെ രജിസ്റ്റർ കല്യാണം കഴിക്കാൻ പോകുന്നു, എന്ന് കുഞ്ഞാന്റി പറഞ്ഞാണ് അവൾ അറിഞ്ഞത്. അന്നുമുതൽ മൂന്നു ദിവസമായി അവൾ സങ്കടത്തിന്റെ തീരാക്കയത്തിലാണ്. വിങ്ങിപ്പൊട്ടാൻ വെമ്പുന്ന അവളെ അശുഭകരമായ മൗനം വലയംചെയ്തു.

ചെറിയെ ആശ്വസിപ്പിച്ച് ക്ലാസിലേക്ക് മടക്കി അയച്ചു. അവളിൽനിന്ന് ലഭിച്ച ഫോൺ നമ്പറിൽ സ്നേഹയെ വിളിച്ചു. കാര്യങ്ങൾ സംസാരിച്ചു. സിസ്റ്റർ ജ്യോതിയും ഞാനും ചെറിയുടെ മനസ്സ് അവതരിപ്പിക്കാൻ പരമാവധി ശ്രമിച്ചു. സ്നേഹ ഉറക്കെ കരഞ്ഞുതുടങ്ങി. പിറ്റേന്ന് മാത്യുവിനോടു സംസാരിച്ചു. അദ്ദേഹം പോസിറ്റീവ് ആയി കാര്യങ്ങൾ ഗ്രഹിച്ചു. ചെറിക്കുവേണ്ടി നിങ്ങൾ ഒന്നാകണമെന്ന് അപേക്ഷിച്ചപ്പോൾ അവർ സമ്മതിച്ചു. സമാധാനത്തിന്റെയും വിട്ടുവീഴ്ചാമനോഭാവത്തിന്റെയും തിരുപ്പിറവി എന്നും നിങ്ങൾക്കൊപ്പം ഉണ്ടാവട്ടെ എന്ന് ഞങ്ങൾ ആശംസിച്ചു.

പിന്നെ എല്ലാം വേഗത്തിലായിരുന്നു. വന്ന് വിളിച്ചാലേ സ്നേഹയെ വീട്ടിൽ നിന്നയ്ക്കൂ എന്ന വല്യപപ്പയുടെ നിർബന്ധത്തിന് മാത്യു വഴങ്ങി. ചെറിയിലൂടെ സൗഹൃദത്തിന്റെ വാതിൽ തുറക്കപ്പെട്ടു. ആ വർഷം മുതൽ അവർ ഒന്നിച്ച് ക്രിസ്തുമസ് ആഘോഷം തുടങ്ങി. ഇന്ന് മാതാപിതാക്കളാകുന്ന തണൽമരത്തിൽ ചെറിപൂവ് വളരുന്നു.



# നാഥാ ഒരു വർഷംകൂടി....

നോയൽ

മൂന്നുവർഷമായി ഫലമന്വേഷിച്ചു വന്നിട്ടും ഫലം കാണാതെ ആ അത്തിവൃക്ഷം വെട്ടിക്കളയുവാൻ തോട്ടക്കാരനോട് കല്പിക്കുന്ന ഈശോ. വി. ലൂക്കായുടെ സുവിശേഷം 13-ാം അധ്യായം 6 മുതൽ 9 വരെ വാക്യങ്ങളിൽ നാമിത് കാണുന്നു.

പച്ചവിരിച്ചു നിൽക്കുന്ന ഈ അത്തിവൃക്ഷം നാമോരോരുത്തരുമല്ലേ? ഫലമന്വേഷിച്ചുവരുന്ന ദിവ്യനാഥൻ ഇച്ഛിക്കുന്ന ഫലം നമ്മിലുണ്ടോ - അതോ വെറുതെ നിലം പാഴാക്കുകയാണോ നാം?

പുറമെയുള്ള ഈ 'പച്ചപ്പ്' പലപ്പോഴും വെറും ഒരു ആഭരണം മാത്രമാണ്. ചിരിയുടെ ഒരു നുറുങ്ങ് ചുണ്ടിൽ വരുത്താൻ ചിലപ്പോൾ നാം ബദ്ധപ്പെടാറില്ലേ? പ്രസംഗപീഠത്തിൽ നിന്നുകൊണ്ട് വചനം പങ്കുവയ്ക്കുമ്പോൾ, അതിന് ആനുപാതികമായ ഒരു ജീവിതം നമ്മിലുണ്ടോ? പലപ്പോഴും ഉള്ളിന്റെ ഉള്ള് ശൂന്യമല്ലേ? യഥാർത്ഥമായ ഒരു ഫലം പുറപ്പെടുവിക്കാനാവുന്നില്ലെങ്കിൽ ഓർമ്മിക്കുക - നാമെല്ലാം നിലം പാഴാക്കുകയാണ് ചെയ്യുന്നത്.

ദൈവമേ, എന്റെ ഇന്നലെകളിൽ വന്നുപോയ പിഴവുകളെ മറക്കാൻ, ഇന്നിൽ ആത്മാർത്ഥമായി ജീവിക്കുവാൻ കരുത്ത് പകരേണമേ. നിനക്കായ് ഫലം ചൂടുവാൻ എന്നെ നീ വെട്ടി ഒരുക്കുക. കാത്തിരിക്കണേ നാഥാ...ഒരു വർഷംകൂടി...






# മനസ്സിന്റെ രൂപീകരണം യുവത്വത്തിലോ, പ്രായമാകുമ്പോഴോ?

സുജ ചോതിരക്കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

മനുഷ്യജീവിതത്തിൽ വിശ്വസ്തതയ്ക്ക് അല്പംപോലും വിലകല്പിക്കാത്ത ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുക. കുടുംബജീവിതത്തിലും അർപ്പിതജീവിതത്തിലും സുഹൃദ്ബന്ധത്തിലും രാഷ്ട്രീയത്തിലും മതപരമായ ജീവിതത്തിലും എന്നുവേണ്ട എല്ലാ തുറകളിലും ഇത് തെളിഞ്ഞുകാണാം. ഏതു ജീവിത സാഹചര്യത്തിലും മനുഷ്യൻ അവന്റേതായ അതിരുകൾ നിശ്ചയിച്ചിരിക്കുകയാണ്. അതായത് "എനിക്ക് ഇതു പറ്റും, അതു പറ്റുകയില്ല, ഞാൻ മടുത്തു, ജീവിതം മുഷിച്ചിലാണ്" എന്നീ തോന്നലുകളിൽ കുടുങ്ങി, നിർമ്മലവും പരിശുദ്ധവുമായ ജീവിതബന്ധങ്ങളെ നിഷ്പ്രയാസം തട്ടിയെറിഞ്ഞ് മറ്റ് മേച്ചിൽപ്പുറങ്ങൾ തേടിയിറങ്ങി പോകുന്നവരെ ലോകത്തിലെവിടെയും കണ്ടുമുട്ടാൻ സാധിക്കും. എന്താണ് ഇതിന്റെ കാരണം? മറ്റൊന്നുമല്ല, അവന്റെ ആദ്ധ്യാത്മിക ജീവിതത്തിൽ വന്ന പാളിച്ചകൾ തന്നെ. ഏതൊരു വളർച്ചയ്ക്കും അതിന്റേതായ രൂപീകരണപ്രക്രിയ ഉണ്ട് എന്നതുപോലെ അദ്ധ്യാത്മിക ജീവിതത്തിനും ഒരു രൂപീകരണ പ്രക്രിയ ഉണ്ട്. അതിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതാണ് മനസ്സിന്റെ രൂപീകരണം. ആദ്ധ്യാത്മികജീവിതത്തിന്റെ വളർച്ചയ്ക്ക് ഒരു നല്ല മനസ്സിന്റെ രൂപീകരണം ഏറ്റവും ആവശ്യമായ ഒന്നാണ്. കാരണം മനുഷ്യൻ എപ്പോഴും പാപത്തിലേക്ക് ചാഞ്ഞിരിക്കുന്നവനാണ്. ഏറ്റവും എളുപ്പമുള്ളത് ചെയ്യുവാൻ ഇഷ്ടപ്പെടുന്നവനുമാണ് അവൻ.

ആദ്ധ്യാത്മികജീവിതത്തിന്റെ വളർച്ചയിലൂടെ പാപസാഹചര്യങ്ങളിൽനിന്നും അകന്ന് നന്മയുടേതായ ഒരു ജീവിതം നയിക്കുന്നതിന് നമുക്ക് സാധിക്കും. ഇത് ഒരു നിരന്തരപരിശ്രമത്തിന്റെ ജീവിതമാണ്.

മനുഷ്യജീവിതത്തിൽ ശിശുത്വവും, യുവത്വവും, വാർദ്ധക്യവും നമ്മെ പടിപടിയായി പിടികൂടുന്നതുപോലെ തന്നെ ആദ്ധ്യാത്മിക ജീവിതത്തിലും ഈ പടികൾ നാം കടന്നേ തീരൂ. യുവത്വത്തിൽ എല്ലാ ആത്മാക്കൾക്കും നല്ല തീക്ഷ്ണതയുണ്ട് എന്തിനേയും ധീരതയോടും ഉത്സാഹത്തോടുംകൂടെ തരണം ചെയ്യുവാൻ. എന്നാൽ കാലം കഴിയുന്തോറും ഈ തീക്ഷ്ണതയ്ക്ക് മങ്ങലേല്ക്കും. ഉത്സാഹം പാടേ ഇല്ലാതാകും. അതിനാൽ തന്നെ യുവത്വത്തിലുള്ള നമ്മുടെ തീക്ഷ്ണതയിൽ വാർദ്ധക്യത്തിലേക്ക് നാം ഒരുങ്ങേണ്ടിയിരിക്കുന്നു. പല നല്ല തഴക്കങ്ങളും ബുദ്ധിമുട്ടേറിയതായാലും യുവത്വത്തിലേ നാം തഴങ്ങണം. അല്ലാതെ വയസ്സായിട്ട് ചെയ്തുകൊള്ളാമെന്നു കരുതിയാൽ സാധിക്കുകയില്ല. അതുകൊണ്ട് യുവത്വത്തിന്റെ തീക്ഷ്ണതയ്ക്ക് മങ്ങലേൽക്കാവുന്ന സാഹചര്യങ്ങളിൽ നമ്മെ നയിക്കേണ്ടത് നല്ല മനസ്സിന്റെ ശക്തിയായിരിക്കണം. യുവത്വത്തിലാണ് മനസ്സിന്റെ രൂപീകരണം നടക്കേണ്ട




ത്. മരം ചെറുതായിരിക്കുമ്പോൾ അത് തഴച്ചു വളരുന്നു. വേനൽക്കാലത്ത് ഇലകൾ പൊഴിക്കുന്നു. കാരണം വേനലിനെ തരണംചെയ്ത് പുതിയ ഇലകൾക്ക് ജന്മം കൊടുക്കുവാൻ ആദ്യത്തെ ഇലകൾ പൊഴിച്ചെങ്കിലേ പറ്റൂ. എന്നാൽ ചെറുമരത്തിന് ഇല പൊഴിക്കേണ്ട ആവശ്യമില്ല. അല്ലാതെതന്നെ വേനലിനെ നേരിടാൻ കരുത്തുറ്റവയാണ് അവ. പ്രായമായ മരം വേനലിനെയും ശൈത്യത്തേയും നേരിടുന്നതിന് നേരത്തേ മുൻകരുതലുകൾ എടുക്കുന്നു. ഇതുപോലെയുള്ള മുൻകരുതലുകൾ നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിന് ആവശ്യമാണ്.

> **ഇന്ന് നാം അനുഭവിക്കുന്ന പ്രശ്നങ്ങളിൽ അധികവും കഴിവുകേടിന്റെയും ഈടുറ്റ മനഃശക്തിയില്ലാത്തതിന്റേയും പരിണിതഫലങ്ങളാണ്.**

ഒരാത്മാവിനോട് കൂടുതൽ നിർബന്ധം ചെലുത്താവുന്ന ഒരു കാലമുണ്ടെങ്കിൽ അത് യുവത്വമാണ്. കാരണം ആ കാലഘട്ടത്തിലാണ് കർത്താവ് പ്രത്യേക കൃപാവരങ്ങൾ നൽകിക്കൊണ്ട് ആത്മാവിനെ അലങ്കരിക്കുന്നത്. അതോടൊപ്പം കർത്താവ് ആ ആത്മാവിൽനിന്നും കൂടുതൽ ആവശ്യപ്പെടുന്നതും ആ കാലഘട്ടത്തിൽ തന്നെയാണ്. ജീവിതത്തിലെ എല്ലാ കാലഘട്ടത്തിലും മനഃശക്തിയുടെ ആവശ്യകതയുണ്ട്. എന്നിരുന്നാലും 40 വയസ്സുമുതൽ 60 വരെയുള്ള പ്രായം ജീവിതത്തിലെ ഏറ്റവും പ്രതിസന്ധിയുടേതും ബുദ്ധിമുട്ടിന്റേതും ദൗർബല്യങ്ങളുടേതുമായ കാലഘട്ടമാണ്. ഈ പ്രായത്തിൽ മനുഷ്യപ്രകൃതി അതിന്റേതായ ആവശ്യങ്ങൾ ശക്തമായി ഉന്നയിച്ചുതുടങ്ങും. എളിമപ്പെടുന്നതിനുവേണ്ടിയുള്ള പ്രലോഭനങ്ങൾ ഉണ്ടാകും... ഇവയെല്ലാം നേരിടുന്നതിന് ശക്തിയേറിയ മനസ്സ് കൂടിയേ തീരൂ.

ഇന്ന് നാം അനുഭവിക്കുന്ന പ്രശ്നങ്ങളിൽ അധികവും കഴിവുകേടിന്റെയും ഈടുറ്റ മനഃശക്തിയില്ലാത്തതിന്റേയും പരിണിതഫലങ്ങളാണ്. അതായത് ദൈവമുമ്പാകെ എടുത്ത പ്രതിജ്ഞകളിൽ വിശ്വസ്തതയോടെ നിലനിൽക്കുവാൻ സാധിക്കാതെവരുന്നതും നമ്മുടെ ജീവിതസാഹചര്യങ്ങളിൽ സ്ഥിരോൽസാഹമില്ലാതെ ജീവിതം താറുമാറാകുന്നതുമെല്ലാം. ഇന്നിന്റെ മനുഷ്യൻ പറയുന്നത് അവൻ ദുർബലമനസ്ക്കനാണെന്നാണ്. അതുകൊണ്ട് ഒന്നിലു ദീർഘകാലത്തേയ്ക്ക് പ്രതിജ്ഞാബദ്ധരായി കഴിയുക സാദ്ധ്യമല്ല. മനുഷ്യന്റെ ഇന്നത്തെ സ്ഥിതിയും കാഴ്ചപ്പാടും മനോഭാവവും സാഹചര്യവുമെല്ലാം നാളെയും കാണുമോ എന്ന് അറിഞ്ഞുകൂടാ. നാളത്തെ സാഹചര്യവും കാഴ്ചപ്പാടുമെല്ലാം മാറിവരും. അപ്പോൾ എന്തുചെയ്യും? മനുഷ്യന് പ്രതിജ്ഞ നിറവേറ്റാൻ കഴിവില്ലായെങ്കിൽ അവന് നിലനിൽപ്പിനുള്ള മനസ്സും ഇല്ല. അവൻ ജീവിതത്തിൽ വിശ്വസ്തനും സ്ഥിരോത്സാഹിയും ആയിരിക്കുവാനും സാധിക്കുകയില്ല.

ഈ ചിന്താരീതി ഇന്നു സമൂഹത്തിലും, സഭയിലും ശക്തമായി വളർന്ന് എത്രമാത്രം വിന വരുത്തിവയ്ക്കുന്നു. എല്ലാവർക്കും ഒരേ രീതിയിലുള്ള മനസ്സോ ജീവിതത്തിന്റെ എല്ലാഘട്ടങ്ങളിലും ഒരുപോലെ ശക്തിയേറിയ മനസ്സോ ഉണ്ടായിരിക്കയില്ല. ഉദാഹരണത്തിന് നാം ക്ഷീണിതരും അനാരോഗ്യരും പ്രായമായവരുമാകുമ്പോൾ മനസ്സു കൂടുതൽ ദുർബലമാകുന്നു. എല്ലാ മനുഷ്യർക്കും അവനവന്റെ ജീവിതത്തിന് ഒരു പദ്ധതിയുണ്ട് എന്നതുപോലെതന്നെ ആദ്ധ്യാത്മിക ജീവിതത്തിലും ഓരോ വ്യക്തിയ്ക്കും ഓരോ പദ്ധതിയുണ്ടായിരിക്കണം. അല്ലാതെ വരുന്നിടത്തുവച്ചു കാണാം എന്ന രീതിയിലുള്ള ഒരു ജീവിതം ആയിക്കൂടാ. ഓരോ വ്യക്തിയും എത്തിച്ചേരേണ്ട ലക്ഷ്യത്തെ മുൻനിർത്തി ലക്ഷ്യപ്രാപ്തിക്ക് ഉതകുന്ന രീതിയിലുള്ള ഒരു രൂപവൽക്കരണപ്രക്രിയായിരിക്കണം ക്രമീകരിക്കേണ്ടത്. ആരും 'എനിക്കിതേ പറ്റൂ, എനിക്കു തോന്നുന്നതേ ചെയ്യൂ' എന്ന് വേലികെട്ടി കൂടുതൽ ചെയ്യുന്നതിനുള്ള സാധ്യതകളെ അടയ്ക്കാതിരിക്കട്ടെ.



വിശുദ്ധിയുടെ മുത്തുകൾക്ക്






# സന്തോഷം ഉണ്ടാകാൻ

സിനി തടത്തേൽ
അപ്പസ്തോലിക് ഒബ്ളേറ്റ്



അനേകം നക്ഷത്രങ്ങളുടെ ഇടയിൽ കിഴക്കിന്റെ നക്ഷത്രത്തെ തിരിച്ചറിയാൻ കഴിയണമെന്ന ഓർമ്മപ്പെടുത്തലുകളുമായ് ക്രിസ്തുമസ് എത്തുകയായ്. നറുംകിനാവിന്റെ തണൽമരച്ചുവട്ടിലിരുന്ന് ചിന്തിക്കാൻ ഒട്ടേറെ കാര്യങ്ങളുണ്ട്. കൂട്ടുകാരേ, ഉണ്ണീശോയ്ക്ക് സമ്മാനിക്കാനായി ഈ ക്രിസ്തുമസ് ദിനത്തിൽ നമ്മുടെയൊക്കെ കൈവശം എന്താണുള്ളത്? ഈ പ്രപഞ്ച ഹൃദയത്തിലേക്ക് നമുക്കോരോരുത്തർക്കും മാത്രമായ് നല്കാൻ കഴിയുന്ന ഒട്ടേറെ 'സാധ്യത'കൾ ഒളിഞ്ഞുകിടപ്പുണ്ട്. ആ നന്മയുടെ വഴികളെ തെളിച്ചെടുക്കാൻ നോമ്പും പ്രാർത്ഥനയും കൂടിയേ തീരൂ. അപ്പോൾ കൂട്ടുകാർക്കായ്, സഹോദരങ്ങൾക്കായ്, എനിക്ക് ജന്മം നല്കിയ മാതാപിതാക്കൾക്കായ്, ഗുരുക്കന്മാർക്കായ്, ഈ സമൂഹത്തിനായ് സന്തോഷവും സംതൃപ്തിയും നിറഞ്ഞ നന്മകൾ പൊഴിക്കുവാൻ കഴിയും. നമ്മുടെയൊക്കെ പ്രവർത്തനജീവിതത്തിലെ നന്മകൾ തന്നെയാണ് സന്തോഷത്തിന്റെയും സംതൃപ്തിയുടെയും മനോഭാവം പ്രദാനം ചെയ്യുന്നത്. ഇത് പറയുമ്പോൾ കൂട്ടുകാരേ, ഒരു സംഭവകഥ ഓർത്തുപോവുകയാണ്.

ഒരിക്കൽ ബംഗാളിലെ കലാപഭൂമിയിലേക്ക് ഗാന്ധിജി എത്തി. ഹിന്ദുക്കളും മുസ്ലീങ്ങളും പരസ്പരം കടിച്ചുകീറുന്ന സമയം. ഗാന്ധിജിയെ കണ്ടപ്പോൾ ഹിന്ദുക്കളുടെ അക്രമംകൊണ്ട് പൊറുതിമുട്ടിയ മുസ്ലീങ്ങൾ ഓടിയെത്തി. ഹിന്ദുവായ ഗാന്ധിജിയെ അവർക്ക് വെറുപ്പായിരുന്നു. ഏറ്റവും മ്ലേച്ഛമായ ഭാഷയിൽ ഗാന്ധിജിയെ ചീത്തപറഞ്ഞു. അതെല്ലാം കേട്ടശേഷം ഗാന്ധിജി ശാന്തനായി പറഞ്ഞു: "ഞാൻ എല്ലാം മനസ്സിലാക്കുന്നു. നിങ്ങളെ ആശ്വസിപ്പിക്കുവാനാണ് ഞാൻ വന്നിട്ടുള്ളത്". അത് കേട്ടപ്പോൾ ഒരു മുസ്ലീം തീവ്രവാദി ഗാന്ധിജിയുടെ മുഖത്ത് കാർക്കിച്ച് തുപ്പി. യാതൊരു ഭാവഭേദവും കൂടാതെ ഗാന്ധിജി അത് തുടച്ചുകളഞ്ഞിട്ട് പറഞ്ഞു: "നിങ്ങൾ ഈ ചെയ്തത് നിങ്ങൾക്ക് സന്തോഷവും സംതൃപ്തിയും നല്കുന്നുണ്ടെങ്കിൽ ഈ പ്രവൃത്തിയിൽ ഞാനും സന്തോഷിക്കുന്നു." ഗാന്ധിജിയുടെ ഈ വാക്കുകളും പെരുമാറ്റവും ആ മുസ്ലീം യുവാവിന്റെ ഹൃദയത്തെ പിടിച്ചടക്കി. അയാൾ ഗാന്ധിജിയുടെ കാൽക്കൽ വീണ് മാപ്പിരന്നു.

നോക്കൂ, നമ്മൾ ചെയ്യുന്ന നന്മ പ്രവൃത്തികളാണ് നമുക്ക് മുഖപ്രസന്നത നല്കുന്നത്. ദൈവം ആഗ്രഹിക്കുന്ന നന്മ ചെയ്യാതെ തിന്മ ചെയ്താൽ 'കായേനെ'പ്പോലെ മുഖം കറുത്തിരിക്കും. അതുകൊണ്ട് അക്രമികളെപ്പോലും അനുനയിപ്പിക്കാൻ കഴിവുള്ള മനസ്സിന്റെ - ജീവിതത്തിന്റെ ഉടമയായി നമ്മൾ മാറണം. ഈ ജീവിതയാത്രയിൽ ദൈവം നല്കുന്ന അവസരങ്ങളെ വിശുദ്ധിയോടുകൂടി നോക്കിക്കണ്ട് നന്മ പ്രദാനം ചെയ്യാൻ കഴിയണം. അതുവഴി സന്തോഷവും സംതൃപ്തിയുമുള്ളവരായി ജീവിക്കാൻ പരിശ്രമിക്കാം.


അതിനായി കിഴക്കിന്റെ ദിവ്യനക്ഷത്രം നമുക്കായ് നല്കിയ ശാന്തിയുടെ, സ്നേഹത്തിന്റെ, ക്ഷമയുടെ സന്ദേശം ജീവിതത്തിൽ സ്വാംശീകരിക്കാൻ കഴിയണം. ഗബ്രിയേലിന്റെ സ്വർഗീയനാദം തിരിച്ചറിയണം. ലാളിത്യത്തിന്റെ അനശ്വരപ്രദർശനശാലയായ പുൽക്കൂട്ടിലെ കനകക്കട്ടയെ ഹൃദയത്തിൽ ഉൾക്കൊണ്ട് ഈ ക്രിസ്തുമസ് ദിനത്തിൽ മുഖപ്രസന്നതയുള്ളവരായി മാറാം. കൂട്ടുകാരെ അതിനാവട്ടെ നമ്മുടെ നോമ്പും പ്രാർത്ഥനകളും.






# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയേ

**ഷീലമ്മ പൂതക്കുഴിയിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



സ്വർഗ്ഗീയപിതാവിന്റെ എല്ലാ ക്ഷണങ്ങളേയും സ്വീകരിക്കുവാൻ കഴിഞ്ഞ ശക്തിമതിയും ധൈര്യവതിയുമായ സ്ത്രീയായ പരിശുദ്ധ മറിയത്തെ ഈ ജപമാലയിൽ നമുക്ക് ധ്യാനിക്കാം. ദൈവത്തിന്റെ പദ്ധതികൾക്ക് സ്ഥിരതയുടെയും വിശ്വസ്തതയുടേതുമായ മറുപടിയായിരുന്നു പരി. മറിയം. അനുദിനജീവിതത്തിലെ നിസ്സാരകാര്യങ്ങളിൽ നഷ്ടധൈര്യരാകാതെ വിശ്വസ്തരായിരിക്കുന്നതിന് ഞങ്ങളെ സഹായിക്കണമേ എന്ന് ആത്മശക്തിയുടെ ഉടയാട അണിഞ്ഞവളായ പരി. അമ്മയോട് നമുക്ക് മാദ്ധ്യസ്ഥ്യം യാചിക്കാം.

## *ഒന്നാം ദൈവരഹസ്യം*

**ഈ ദിവ്യരഹസ്യത്തിൽ, കർത്താവിന്റെ മാലാഖ അറിയിച്ച സന്ദേശത്തെ സ്വീകരിക്കുന്ന പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.**

*"ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു: ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവു നിന്നോടുകൂടെ" (ലൂക്കാ 1,28).*

മാനുഷികമായ എല്ലാ യുക്തിയെയും അതിലംഘിച്ചുകൊണ്ട് മറിയം ദൈവതിരുമനസ്സിനോട് ഒട്ടിച്ചേരുന്നു. ദൈവപുത്രന്റെ അമ്മയായിത്തീരുന്നതിലൂടെ ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളെക്കുറിച്ചും ബോധവതിയായിരുന്നിട്ടും അവൾ കർത്താവിന്റെ സഹായത്തിൽ ഉറച്ചുവിശ്വസിച്ചുകൊണ്ട് ആ വിളിയെ സ്വീകരിക്കുന്നു. അനുദിനജീവിതത്തിൽ ദൈവഹിതത്തോട് 'ഇതാ ഞാൻ' പറയുന്നതിൽ നമ്മെ എപ്പോഴും ധൈര്യമുള്ളവരാക്കിത്തീർക്കണമേ എന്ന് നമുക്ക് പരി. അമ്മയോട് സഹായം അപേക്ഷിക്കാം.

## *രണ്ടാം ദൈവരഹസ്യം*

**വാളിനെക്കുറിച്ചുള്ള പ്രവചനം സ്വീകരിക്കുന്ന പരി. മറിയത്തെ നമുക്ക് ധ്യാനിക്കാം.**

*"ശിമയോൻ അവരെ അനുഗ്രഹിച്ചശേഷം അവിടുത്തെ അമ്മയായ മറിയത്തോടു പറഞ്ഞു: ഈ കുഞ്ഞ് ഇസ്രായേലിൽ അനേകരുടെ വീഴ്ച്ചയ്ക്കും ഉയർച്ചയ്ക്കുമായി വയ്ക്കപ്പെട്ടിരിക്കുന്നു; തർക്കത്തിന്റെ അടയാളവുമായിരിക്കും. പലരുടെയും ഹൃദയവിചാരങ്ങൾ വെളിപ്പെടും. ഒരു വാൾ നിന്റെ ഹൃദയത്തെ ഭേദിക്കുകയും ചെയ്യും" (ലൂക്കാ 2,34).*

ശിമയോന്റെ പ്രവചനത്തിനുമുമ്പിൽ മറിയം തന്റെ ശാന്തതയും സമാധാനവും കൈവെടിഞ്ഞില്ല. അവൾക്ക് മനസ്സിലാകാത്ത കാര്യങ്ങൾപോലും ധൈര്യപൂർവ്വം സ്വീകരിക്കുന്നതിന് അവളുടെ വിശ്വാസം അവളെ അനുവദിച്ചു. നമ്മിൽ ആശയകുഴപ്പങ്ങൾ സൃഷ്ടിക്കുകയും നമ്മെ വ്യഗ്രചിത്തരാക്കുകയും നഷ്ടധൈര്യരാക്കുകയും ചെയ്യുന്നവയിൽ നിന്നെല്ലാം എപ്പോഴും അകന്നുനിൽക്കുന്നതിനായി സ്വർഗ്ഗീയപിതാവിന്റെ സ്നേഹത്താൽ നമ്മെ ആവരണം ചെയ്യണമേ എന്ന് നമുക്ക് പരി. അമ്മയോട് മാദ്ധ്യസ്ഥ്യം യാചിക്കാം.

## മൂന്നാം ദൈവരഹസ്യം

**കാനായിലെ കല്യാണവിരുന്നിൽ സഹോദരങ്ങളുടെ ആവശ്യങ്ങളെ സ്വീകരിക്കുന്ന പരി. അമ്മയെ നമുക്ക് ധ്യാനവിഷയമാക്കാം.**

*"അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിന്റെ അമ്മ അവനോട് പറഞ്ഞു, അവർക്ക് വീഞ്ഞില്ല" (യോഹ 2:3).*

തന്റെ മക്കളുടെ ആവശ്യങ്ങൾക്കു മുമ്പിൽ തന്റെ തിരുസുതനോട് അത്ഭുതം ചെയ്യുവാൻ അപേക്ഷിക്കുന്നതിന് പരി. അമ്മ മടി കാണിക്കുന്നില്ല. തന്റെ തിരുക്കുമാരന്റെ സംലഭ്യതയിൽ അവൾ ഉറച്ചുവിശ്വസിച്ചു. നമുക്ക് നമ്മുടെ സഹോദരങ്ങളുടെ നേർക്ക് മാതൃസഹജമായ ശ്രദ്ധയും താത്പര്യവും അതോടൊപ്പം ഈശോയിൽ ഉറച്ച വിശ്വാസവും, വളർത്തിയെടുക്കുന്നതിനായി പരി. അമ്മയോട് സഹായം അപേക്ഷിക്കാം.

## നാലാം ദൈവരഹസ്യം

**കുരിശിൻ ചുവട്ടിൽ നിൽക്കുന്ന പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.**

*"യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേനാ മറിയവും നില്ക്കുന്നുണ്ടായിരുന്നു" (യോഹ 19,25).*

പരി. അമ്മ തന്റെ ഓമനസുതന്റെ മരണസമയം തന്നിൽ വളരെ തീവ്രതയിൽ ജീവിച്ചു. സഹനത്തോടുള്ള പരി. അമ്മയുടെ ഒട്ടിച്ചേരൽ വളരെ ശക്തമായിരുന്നതിനാൽ അവളുടെ ഹൃദയം ലോകത്തിലെ ഓരോ മനുഷ്യരുടെയും അമ്മയായിത്തീരത്തക്കവിധത്തിൽ വിശാലമായിത്തീർന്നു. നമ്മുടെ സഹനവേളകൾ ലോകത്തിന്റെ രക്ഷയ്ക്കായി സമർപ്പിക്കുന്നതിന് നമ്മെ പ്രാപ്തരാക്കണമേയെന്ന് പരി. അമ്മയോട് നമുക്ക് മാദ്ധ്യസ്ഥ്യം അപേക്ഷിക്കാം.

## അഞ്ചാം ദൈവരഹസ്യം

**ഈശോയുടെ ഉത്ഥാനത്തെ സ്വീകരിക്കുന്ന പരി. മറിയത്തെ നമുക്ക് ധ്യാനിക്കാം.**

*"ഇവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു" (നട 1,14).*

പരി. അമ്മ സെനക്കിളിൽ ശിഷ്യന്മാരോടൊപ്പം പ്രാർത്ഥനയിൽ സന്നിഹിതയായിരുന്നു. അവൾക്ക് തന്റെ ഓമനസുതന്റെ വാഗ്ദാനങ്ങളിൽ ഉറപ്പും പ്രതീക്ഷയും ഉണ്ട് എന്നതിന്റെ അടയാളമാണിത്. ഈശോയുടെ ഉത്ഥാനത്തിൽ അവൾ വിശ്വസിച്ചു. മാനുഷിക കണക്കുകൂട്ടലുകൾക്കും അപ്പുറം പോയി പ്രതീക്ഷിക്കുന്നതിനുള്ള ധൈര്യം എപ്പോഴും നമുക്ക് ഉണ്ടാകുന്നതിനുവേണ്ടി പരി. അമ്മയോട് നമുക്ക് സഹായം അപേക്ഷിക്കാം.




വിചാരണ

# പുല്ലുംപുറത്തെ ക്രിസ്തുമസ്സ്!



**ഫാ.സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**കാഞ്ഞിരപ്പള്ളി**

"അച്ചോ, നമ്മുടെ ഉണ്ണീശോ പിറന്നത് പുല്ലുംപുറത്തല്ലേ? പിന്നെ ഞാനിവിടെ കുറച്ചുനേരം കിടക്കുന്നതിനെന്താ? ഉണ്ണീശോ പുല്ലുംപുറത്ത് പിറന്നെന്ന് പ്രസംഗിച്ചിട്ട് പോയി മെത്തപ്പുറത്തേക്ക് മറിയുന്ന അച്ചനെയാണോ, പുല്ലുംപുറുത്തുതന്നെ കിടക്കുന്ന എന്നെയാണോ ഈശോയ്ക്ക് കൂടുതൽ ഇഷ്ടം? അച്ചൻ പറ" ക്രിസ്തുമസ്സ് "ആഘോഷിച്ച്" റോഡരികിൽ വീണുപോയ രസികനായ ഒരു കുഞ്ഞാടിന്റെ തത്വശാസ്ത്രമാണിത്.

സർവ്വലോകത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ് കർത്താവിന്റെ തിരുപ്പിറവി. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രവേശനത്തിന്റെ വലിയ സന്തോഷമാണത്. എന്നാൽ ഇന്ന് തിന്മയുടെ ചങ്ങലകളിൽക്കിടന്നും വലിയ സന്തോഷത്തിന്റെ സ്വരങ്ങളുതിർക്കാൻ മനുഷ്യൻ പഠിച്ചിരിക്കുന്നു. തിന്മകളെ ഉപേക്ഷിക്കാതെ ആ തിന്മകളുടെ ആടയാഭരണങ്ങൾ അണിഞ്ഞുതന്നെ രക്ഷകന്റെ വരവിൽ സന്തോഷിക്കുന്ന വിരോധാഭാസം!

ക്രിസ്തുമസ്സ്പോലുള്ള ദൈവികരഹസ്യങ്ങളുടെ ആചരണങ്ങൾ ഭൗതികതലത്തിലുള്ള ആഘോഷങ്ങളിലേക്കുമാത്രം ചുരുക്കപ്പെടുന്നതിന്റെ പരിണിതഫലങ്ങളാണിത്. സഭയുടെ ഏതാഘോഷത്തിനും ഭൗതികമാനത്തിൽ അതിനർത്ഥം നല്കുന്നത് അതിന്റെ ആന്തരികചൈതന്യമാണ്. തിന്മയുടെ ബന്ധനത്തിൽനിന്ന് ഈശോവഴി പൂർണ്ണമായും സ്വതന്ത്രമായി ക്രിസ്തുമസ്സിന്റെ ഫലം ജീവിതത്തിൽ അനുഭവിച്ചറിയുന്നവർക്കുമാത്രം അവകാശപ്പെട്ടതാണ് അത് നല്കുന്ന സ്ഥായിയായ സന്തോഷവും സമാധാനവും. അല്ലാത്തവർക്ക് ക്രിസ്തുമസ്സ് എന്നത് ഡിസംബർ 25-ാം തീയതി എന്ന ഒരു ദിവസംമാത്രം ഈശോയുടെ പേരിൽ മദ്യം വഴിയോ ഭക്ഷണപദാർത്ഥങ്ങൾ വഴിയോ ലഭിക്കുന്ന താല്ക്കാലിക സന്തോഷമായി അവശേഷിക്കും.

ഈയൊരപചയത്തിൽനിന്ന് നമ്മുടെ ആചരണങ്ങളെ പുനരുദ്ധരിക്കേണ്ടത് നമ്മുടെ കടമയാണ്. അതിനുള്ള മാർഗ്ഗം രക്ഷാകരപദ്ധതിയുടെ ആഘോഷങ്ങൾ നടക്കുന്ന സഭയുടെ ആരാധനക്രമവത്സരത്തിന്റെ ചൈതന്യത്തിൽ ജീവിച്ചുതുടങ്ങുക എന്നതാണ്. സഭയുടെ അനുഷ്ഠാനങ്ങളെ പള്ളിയിൽ അവസാനിപ്പിക്കാതെ ജീവിതത്തിൽ തുടരാനുള്ള ഇച്ഛാശക്തിയാണ് നമുക്കു വേണ്ടത്. ആത്മീയജീവിതവും ഭൗതികജീവിതവും സമാന്തരപാതകളായി മാറിയാൽ അതൊരിക്കലും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും പ്രത്യാശാകേന്ദ്രത്തിൽ നമ്മെ എത്തിക്കുകയില്ല. പ്രായോഗികജീവിതത്തിന്റെ വിരുദ്ധാനുഭവങ്ങൾക്ക് അർത്ഥം കണ്ടെത്തി അവ വിശ്വാസത്തോടെ ഏറ്റുവാങ്ങുവാൻ ശക്തി നല്കുന്നത് നമ്മുടെ ആത്മീയജീവിതമാണ്. ഈ ആത്മീയജീവിതത്തിന്റെ ചാലും ശൈലിയും നിർണ്ണയിക്കുന്നതോ സഭയുടെ ആരാധനക്രമവത്സരവും.

ഈ തിരിച്ചറിവില്ലാതെ വരുമ്പോഴാണ് കള്ളും കലഹവും ക്രൈസ്തവ ആഘോഷങ്ങൾക്ക് അകമ്പടിയാകുന്നത്. ആത്മീയ ആഘോഷങ്ങളുടെ പശ്ചാത്തലത്തിൽ മദ്യപാനത്തെ വിശുദ്ധവൽക്കരിക്കാൻ ശ്രമിക്കുന്ന ഒരു കാലഘട്ടമാണിത്. കുടുംബങ്ങളുടെ സർവ്വഇമ്പങ്ങളും തകർക്കുന്ന ഈ തിന്മയെ വിശുദ്ധ തിരുനാളുകളുമായി കൂട്ടിച്ചേർക്കുന്നവർ എത്ര വലിയ തിന്മയാണ് ചെയ്യുന്നതെന്ന് ചിന്തിക്കുന്നില്ല.

കുടുംബത്തിന് ആത്മീയനിർവൃതി നല്കുന്ന ഉത്സവമായി ക്രിസ്തുമസ്സും മറ്റ് തിരുനാളുകളുമൊക്കെ മാറണമെങ്കിൽ മദ്യംപോലുള്ള തിന്മകളെ പരിപൂർണമായി ഈ ആഘോഷങ്ങളിൽനിന്നും മാറ്റി നിർത്തുകയും സഭയോടുചേർന്ന് ആത്മീയമായി ഒരുങ്ങി തിരുനാളുകളിൽ സംബന്ധിക്കുകയും വേണം. ബോധം മറച്ച് കോലംകെട്ടിക്കുന്ന സ്പിരിറ്റിനേക്കാൾ ബോധജ്ഞാനം നല്കി ആത്മസന്തോഷത്തിലേക്ക് നയിക്കുന്ന ആത്മാവിനെയാണ് നാം സ്വീകരിക്കേണ്ടതെന്ന് ഓരോ തിരുനാളാഘോഷത്തിലും നമുക്ക് മറക്കാതിരിക്കാം.



# പ്രോസാങ്ടിറ്റി മൂവ്മെന്റ്

"ഇതാകുന്നു ദൈവഹിതം - നിങ്ങളുടെ വിശുദ്ധീകരണം."
(1 തെസ 4,3)

## ദൈവദാസനായ
## ബിഷപ് വില്യം ജകീൻതാ

അനന്തനന്മയായ ദൈവം മനുഷ്യരാശിയെ മുഴുവൻ വിശുദ്ധിയിലേക്കു വിളിച്ചിരിക്കുന്നു എന്ന സന്ദേശം ജനങ്ങളെ അറിയിക്കുവാനും പ്രചരിപ്പിക്കുവാനും വിശുദ്ധി പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സുഗമമാക്കിത്തീർക്കുവാനുമായി രൂപംകൊണ്ട ഒരു രാജ്യാന്തര പ്രസ്ഥാനമാണ് പ്രോസാങ്ടിറ്റി മൂവ്മെന്റ്.

### സ്നേഹവിപ്ലവം - എല്ലാവരിലും - എല്ലായിടത്തും

ശരീരത്തിന് ഭക്ഷണത്തിന്റെ ആവശ്യമുള്ളതുപോലെ മനുഷ്യഹൃദയം സ്നേഹത്തിനു വേണ്ടി ദാഹിക്കുകയാണ്. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,24). നാം എല്ലാവരും ഏകപിതാവായ ദൈവത്തിന്റെ മക്കളാണെന്നും, ആ പിതാവു നമ്മെ അത്യധികം സ്നേഹിക്കുന്നുവെന്നും മിശിഹാതന്നെ നമുക്കു വെളിപ്പെടുത്തിത്തന്നു. മാത്രമല്ല, ജീവന്റെ ജലത്തെക്കുറിച്ചും ജീവന്റെ അപ്പത്തെക്കുറിച്ചും നമ്മെ മുൻകൂട്ടി അറിയിച്ചു. മനുഷ്യകുലം മുഴുവനിലും ഒരു സാഹോദര്യഐക്യം കെട്ടിപ്പടുക്കേണ്ട ആവശ്യകതയെക്കുറിച്ച് അവിടുന്ന് സ്പഷ്ടമാക്കുകയാണ് ഇതുവഴിയായി. പക്ഷേ, നമ്മുടെ സഹോദരങ്ങൾ എത്രയോപേർ ഇക്കാര്യത്തിൽ അജ്ഞരാണ്!


സുവിശേഷത്തിൽ ഒരു സംഭവം നാം വായിച്ചുകേൾക്കുന്നു: ഈശോ ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നത്. തന്റെ ഭൃത്യന്റെ രോഗബാധയിൽ - അവന്റെ വേദനയിൽ- മനസ്സലിഞ്ഞതുകൊണ്ടാണ് അവനെ ഈശോയുടെ പക്കൽ കൊണ്ടുവരുവാൻ ശതാധിപൻ തയ്യാറായത്.

"അടുത്തുനില്ക്കുന്നോരനുജനെ നോക്കാ-
നക്ഷികളില്ലാത്തോനരൂപനീശ്വരൻ"

അതിൽ അതിശയിക്കാനൊന്നുമില്ല. സഹോദരങ്ങളെ കൂടാതെ ദൈവത്തെ പ്രാപിക്കുക സാദ്ധ്യമല്ല. ആബേലിനെ വധിച്ച കായേനോട് ദൈവം ചോദിക്കുന്നു 'നിന്റെ സഹോദരനെവിടെ'യെന്ന്. കായേൽ മറുചോദ്യം ചോദിക്കുകയാണ്. 'ഞാനാണോ എന്റെ സഹോദരന്റെ സൂക്ഷിപ്പുകാരൻ'? നാം നമ്മുടെ സഹോദരങ്ങളുടെ സൂക്ഷിപ്പുകാരാവണം. ഇതാണ് സ്നേഹസമ്പന്നനായ പിതാവ് തന്റെ മക്കളിൽനിന്നും പ്രതീക്ഷിക്കുന്നത്.

പ്രോസാങ്ടിറ്റി മൂവ്മെന്റിലെ ഓരോ അംഗവും ഈ സ്നേഹസന്ദേശം പ്രചരിപ്പിക്കുന്നതിനായി സാധിക്കാവുന്ന എല്ലാ മാദ്ധ്യമങ്ങളും വ്യക്തിപരമായ സമ്പർക്കങ്ങൾ, കുടുംബജീവിതം, ജോലി, സംഘടനകൾ, സാമൂഹ്യസമ്പർക്കമാദ്ധ്യമങ്ങൾ - റേഡിയോ, ടെലിവിഷൻ, ദിനപ്പത്രങ്ങൾ, ആഴ്ചപ്പതിപ്പുകൾ തുടങ്ങിയ എല്ലാ വേദികളും ഉപയോഗിക്കുന്നു.

സംഘടിതമായ പദ്ധതികളുടെ ആസൂത്രണവും പ്രത്യേകമായ പരിശീലനവും അർപ്പണമനോഭാവവും ഈ ലക്ഷ്യപ്രാപ്തിക്ക് അത്യന്താപേക്ഷിതമായിത്തീരുന്നു.


പ്രതീക്ഷയുടെ
പൂമൊട്ടുകൾ
ഡിസംബർ 2009
For private circulation only
“ആകാശം ദൈവത്തിന്റെ മഹത്വം പ്രഘോഷിക്കുന്നു; വാനവിതാനം അവിടുത്തെ കരവേലയെ വിളമ്പരം ചെയ്യുന്നു.... അവിടുന്നു സൂര്യന് ഒരു കൂടാരം നിർമ്മിച്ചിരിക്കുന്നു. മണവറയിൽനിന്ന് മണവാളൻ എന്നപോലെ സൂര്യൻ അതിൽനിന്ന് പുറത്തുവരുന്നു.... ആകാശത്തിന്റെ ഒരറ്റത്ത് അവൻ ഉദിക്കുന്നു; മറ്റേഅറ്റത്ത് അവന്റെ അയനം പൂർത്തിയാക്കുന്നു” (സങ്കീ 19:1-6)
പുതിയ പ്രതീക്ഷകളുടെ വർണ്ണങ്ങളുമായ് പുത്തനാണ്ടിലെ സൂര്യോദയം
പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്